# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പള്ളിക്കര

# ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

View

# 2016-17

# ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-8/803/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ്
കാര്യാലയം, കാസർഗോഡ്

തിയ്യതി-17.07.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)

പള്ളിക്കര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പള്ളിക്കര ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലും ഭാഗം 3ലെ ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി-8/803/2017 തിയ്യതി:17.07.2017

## കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2016 മുതൽ 31-03-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ

ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

--------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : രാജാറാമ.സി , ഡെപ്യൂട്ടി ഡയറക്ടർ

--------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 05-07-2017 മുതൽ 14-07-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| സത്യാനന്ദൻ.സി.വി | ഓഡിറ്റ് ഓഫീസർ |
| രഘുനാഥൻ.കെ | അസി-ഓഡിറ്റ് ഓഫീസർ |
| സുനിൽ കുമാർ.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| സുധീഷ്.എൻ.കെ | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.പി.ഇന്ദിര | 01.04.2016 മുതൽ 31.03.2017വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. ബി. വിജയഭാനു | 01.04.2016 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.സി.പി.കുഞ്ഞിനാരായണൻ | 01.04.2016മുതൽ 31.03.2017 വരെ |
| അസി.എഞ്ചിനിയർ | ശ്രീ.വൈശാഖ്. ബി | 01.04.2016മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.വേണുഗോപാലൻ.കെ | 01.04.2016മുതൽ 31.03.2017വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ശാന്തി | 01.04.2016മുതൽ 07.12.2016വരെ |

| | | |
|---|---|---|
| | ശ്രീമതി.ബിന്ദു.കെ.കെ | 08.12.2016മുതൽ 31.03.2017വരെ |
| വി.ഇ.ഒ. | ശ്രീ.എ.കെ.രാജേന്ദ്രൻ | 01.04.2016മുതൽ 31.03.2017വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.അബ്ദുൾഖാദർ.കെ.പി | 01.04.2016മുതൽ 31.03.2017 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.വിശ്വം ചക്രപാണി | 01.04.2016മുതൽ 24.01.2017 വരെ |
| | ഡോ.ദിയ | 25.01.2017മുതൽ 31.03.2017 വരെ |
| മെഡിക്കൽഓഫീസർ, ഹോമിയോ | ഡോ.ഉണ്ണികൃഷ്ണൻ | 01.04.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽഓഫീസർ, ആയ്യൂർവേദം | ഡോ.കെ.വിശ്വനാഥ് | 01.04.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽഓഫീസർ, അലോപ്പതി | ഡോ.സലാഹ് അബ്ദുൾറഹ്മാൻ | 01.04.2016മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |

| | | | |
|---|---|---|---|
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 11 | ലൈസൻസ് പുതുക്കലും ഫീസ് പിരിവും-അപാകതകൾ | 2-1 | |
| 12 | ബിൽഡിംഗ് പെർമിറ്റ്-തുടർനടപടികൾ സ്വീകരിക്കുന്നില്ല | 2-2 | |
| 13 | അനധികൃത കെട്ടിടനിർമ്മാണം-രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകത | 2-3 | |
| 14 | ടെലികോം കമ്പിനികളിൽ നിന്നും വിനിയോഗ ചാർജ് ഈടാക്കുന്നില്ല- വരുമാന നഷ്ടം | 2-4 | |
| 15 | ബി.എസ്.എൻ.എൽ സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. | 2-5 | |
| 16 | തൊഴിൽ നികുതി - വ്യാപാരസ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കുന്നില്ല | 2-6 | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 17 | ജീവനക്കാരുടെ യാത്രാബത്ത -ഇല്ലാത്ത ജീവനക്കാരന്റെ പേരിൽ യാത്രാബത്ത ക്ലെയിം ചെയ്തു. | 3-1 | |
| 18 | മുൻകൂർ യാത്രാബത്ത നൽകിയത് ക്രമപ്പെടുത്തിയിട്ടില്ല. | 3-2 | |
| 19 | ശ്രീമതി.രൂപിക.പി.വി-ശൂന്യവേതനാവധി അനുവദിച്ചത്-അപാകത. | 3-3 | |

| | | | |
|---|---|---|---|
| 20 | ശ്രീ.ജ്യോതികിരൺ, ഓഫീസ് അറ്റന്റന്റ് - അടിസ്ഥാന ശമ്പളം കൃത്യമായി നിർണ്ണയിക്കാതെ ക്ഷാമബത്ത കുടിശ്ശിക നൽകി-അപാകത | 3-4 | |
| 21 | അശരണർക്ക് ഓണസദ്യയും അനുബന്ധ ചെലവുകളും-ചെലവ് വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. | 3-5 | |
| 22 | വിവിധ ഇലക്ട്രിക്കൽ ജോലികൾ നടത്തിയത് - അപാകത | 3-6 | |
| 23 | ഗ്രാമപഞ്ചായത്ത് വാഹനം ടയറുകൾ മാറ്റിയത്- PWD മെക്കാനിക്കൽ ഡിവിഷൻ അംഗീകാരം | 3-7 | |
| 24 | വികസന സെമിനാർ - ഭക്ഷണം നൽകിയത്, ക്വട്ടേഷൻ നടപടികളുടെ രേഖകൾ ഹാജരാക്കേണ്ടതാണ്. | 3-8 | |
| 25 | സാംസ്കാരിക നിലയം,ഗ്രാമപഞ്ചായത്ത് കോമ്പൌണ്ട് എന്നിവിടങ്ങളിലെ വൃക്ഷശിഖരങ്ങൾ മുറിച്ച് മാറ്റിയത് -തുക ചെലവഴിച്ചതിൽ അപാകത. | 3-9 | |
| 26 | വാഹനം -അപകടം -വൈദ്യുതിത്തൂൺ തകർത്തത് - ഇൻഷൂറൻസ് ക്ലെയിം ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. | 3-10 | |
| 27 | എക്സൈസ് വകുപ്പ് - വിമുക്തി പദ്ധതി-ചെലവ് വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. | 3-11 | |
| 28 | പഞ്ചായത്ത് ഓഫീസ് ഇലക്ട്രിക്കൽ വർക്ക് -അധികം തുക നൽകി. | 3-12 | |
| 29 | കേരളാ ജല അതോറിറ്റി - ഡെപ്പോസിറ്റ് പ്രവർത്തികൾ - പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ | 3-13 | |

| | | | |
|---|---|---|---|
| | ഹാജരാക്കിയിട്ടില്ല. | | |
| 30 | കേരള സംസ്ഥാന വൈദ്യുതി ബോർഡ്- ഡെപ്പോസിറ്റ് പ്രവർത്തികൾ - പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. | 3-14 | |
| 31 | വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല | 3-15 | |
| 32 | ഗ്രാമപഞ്ചായത്തിന് പുതിയ വാഹനം വാങ്ങിയത് - അപാകത | 3-16 | |
| 33 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ പദ്ധതി | 3-17 | |
| 34 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ പദ്ധതി | 3-18 | |
| 35 | പാലിയേറ്റീവ് പരിചരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് | 3-19 | |
| 36 | ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 3-20 | |
| 37 | പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണം-ഒരു മാതൃകാ പ്രോജക്റ്റ് | 3-21 | |
| 38 | മരാമത്ത് പ്രവൃത്തികളിലെ അപാകങ്ങൾ | 3-22 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 39 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 40 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |

| | | | |
|---|---|---|---|
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 42 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 43 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 44 | ഓഡിറ്റ് റിക്കവറി | 4-6 | |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 48 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 49 | Audit Certificate | 2 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 03.03.2016 തിയതിയിലെ നം. 25/16(1) തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 13.54കോടി രൂപയും പ്രതീക്ഷിത ചെലവ് 13.57കോടി രൂപയുമാണ്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ ഓഡിറ്റിൽ താരതമ്യം ചെയ്തിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-07-2017 | 27-06-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

2016-17 വർഷത്തെ വാർഷിക കണക്കിൻമേൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1)2015-16 വർഷത്തെ വാർഷിക കണക്കിൻമേലുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല

2) അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം പൂർണ്ണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3)വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ജയ-സാംഖ്യ

ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല.വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കടിശ്ശിക- തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4)പെൻഷൻ ഇനത്തിലെ യഥാർത്ഥ ചെലവ്(DBT പ്രകാരമുള്ളത്) Income & Expenditure I -6 ൽ ഉൾപ്പെടുത്തിയിട്ടില്ല.

5)ഷെഡ്യൂൾ B-4ൽ ബാധ്യത ഇനത്തിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 2,37,12,232 |
| വരവ് | 15,43,13,371 |
| ആകെ | 17,80,25,603 |
| ചെലവ് | 14,88,76,225 |
| നീക്കിബാക്കി | 2,91,49,378 |

(വരവിലും ചെലവിലും MGNREGA FTO തുകയായ 1,88,11,308 രൂപയും, DBT തുകയായ 5,30,52,350 രൂപയും ഉൾപ്പെടുന്നുണ്ട്)

## 1-5 ഫണ്ട് വിനിയോഗം ( അപ്രോപ്രിയേഷൻ റജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (Lapsed) | ചെലവ് ശതമാനം | നീക്കിയിരിപ്പ്- R&P 40b പ്രകാരം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 1,83,57,577 | 1,83,57,577 | 1,71,68,400 | 11,89,177 | -- | -- |
| വികസന ഫണ്ട് എസ്. സി. പി. | 0 | 34,50,744 | 34,50,744 | 29,49,807 | 5,00,937 | -- | -- |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 14,568 | 14,568 | 14,568 | -- | 100% | -- |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 65,04,711 | 65,04,711 | 25,61,406 | 39,43,305 | -- | -- |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ്- നോൺ റോഡ് | 0 | 49,82,871 | 49,82,871 | 42,70,365 | 7,12,506 | -- | -- |
| 13-)ാ ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,02,95,218 | 1,02,95,218 | 68,65,132 | 34,30,086 | -- | -- |
| പെർഫോമൻസ് ഗ്രാന്റ്(സംസ്ഥാന വിഹിതം) | 0 | 14,17,005 | 14,17,005 | -- | 14,17,005 | -- | -- |
| പെർഫോമൻസ് ഗ്രാന്റ്(കേന്ദ്ര വിഹിതം) | 0 | 39,74,374 | 39,74,374 | 25,71,677 | 14,02,697 | | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 170 | 102 | 60 | 8 | 60% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽതുക | ചെലവഴിച്ചതുക | ചെലവ് |
|---|---|---|---|---|---|
| കൃഷിഓഫീസർ | 7 | 6 | 95,56,610 | 49,43,294 | 51.73% |
| വെറ്ററിനറി സർജൻ | 6 | 6 | 30,49,400 | 20,34,960 | 66.73% |
| മെഡിക്കൽഓഫീസർ, പി. എച്ച്. സി. | 7 | 7 | 12,32,600 | 12,15,367 | 98.60% |
| മെഡിക്കൽഓഫീസർ, ആയുർവേദം | 3 | 3 | 10,00,000 | 10,00,000 | 100% |
| വില്ലേജ്എക്സ്റ്റൻഷൻ | 9 | 8 | 1,36,54,295 | 1,16,38,095 | 85.23% |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ | | | | | |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 6 | 59,83,200 | 57,91,425 | 96.79% |
| സെക്രട്ടറി | 20 | 19 | 93,10,543 | 89,43,023 | 96.05% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 86 | 28 | 2,74,93,081 | 1,07,02,582 | 38.93% |
| ഹെഡ്മാസ്റ്റർ | 8 | 6 | 53,44,500 | 44,34,631 | 82.98% |
| അസി. സെക്രട്ടറി | 16 | 15 | 22,04,450 | 20,89,750 | 94.80% |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 59,74,149 | 79,53,370 | 19,79,221 | |
| നികുതിയേതര വരവുകൾ | 7,73,235 | 8,81,353 | 1,08,118 | |
| മറ്റു വരവുകൾ | 8,92,912 | 12,78,554 | 3,85,642 | |
| ആകെ | 76,40,296 | 1,01,13,277 | 24,72,981 | |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനം എടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 67 | 57 | 8 |
| 2 | തൊഴിൽ രഹിത വേതനം | 34 | 34 | 12 |
| 3 | വിധവ പെൻഷൻ | 229 | 229 | 32 |
| 4 | വികലാംഗ പെൻഷൻ | 80 | 72 | 15 |
| 5 | അവിവാഹിതരായ | 9 | 9 | -- |

| | | | | |
|---|---|---|---|---|
| | സ്ത്രീകൾക്കുള്ള പെൻഷൻ | | | |
| 6 | വാർദ്ധക്യ കാല പെൻഷൻ | 673 | 658 | 34 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-07-2017 ന് (3.00 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9,652 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ്നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോർമൻസ് ഓഡിറ്റ് | 24.06.2017 | 2017 ഫെബ്രുവരി-മെയ് | 30.06.2017 | ഇല്ല |
| 2 | അക്കൌണ്ട്ജനറലിന്റെ ഓഡിറ്റ് | 2005-06 | 2005-06 | -- | -- |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി.ആന്റ് ഒ. ലൈസൻസ് പുതുക്കലും ഫീസ് പിരിവും- അപാകതകൾ

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2016-17 സാമ്പത്തിക വർഷത്തെ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്തം.

| പുതിയതായി അപേക്ഷിച്ചവർ | പുതുക്കുന്നതിനു വേണ്ടി അപേക്ഷിച്ചവർ | | | ആകെ |
|---|---|---|---|---|
| | നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയവർ | ചട്ടപ്രകാരമുള്ള സമയംപാലിക്കാതെ വൈകി പുതുക്കിയവർ | പുതുക്കാത്ത അപേക്ഷകർ | |
| 99 | 0 | 298 | - | 397 |

ഗ്രാമ പഞ്ചായത്തിലെ 22 വാർഡുകളിലെ കച്ചവട സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം വളരെ

കുറവാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരളാ പഞ്ചായത്ത് രാജ് വകുപ്പ് 205 ബി. അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട /ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ 2016-17 ൽ ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ 100%വും നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. ഇത് സെക്ഷൻ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് വന്ന വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രവുമല്ല പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധ്യമല്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്ന സാഹചര്യം ഉടലെടുക്കുകയും നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിനു കാരണമാകുകയും ചെയ്യുന്നു.

അപേക്ഷകളിലെ അന്വേഷണവും തുടർ നടപടികളും

സ്ഥാപനത്തെ പറ്റിയുള്ള പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ സൂക്ഷ്മ പരിശോധന കൂടാതെ സ്വീകരിക്കരുത്. അപേക്ഷയിൽ അപേക്ഷ നല്കുന്ന തീയതി, ലൈസൻസ് എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻവർഷത്തെ ലൈസൻസ് നമ്പരും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണങ്കിൽ കുതിരശക്തിയുടെ അളവും രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷയാണ് സ്വീകരിക്കേണ്ടത്.

സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ ലഭ്യത ഉറപ്പാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിക്കുള്ളിൽ വരുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ മെഡിക്കൽ ഓഫീസർ നൽകുന്ന സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ ആയത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തന്റെ പേഴ്സണൽ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുണ്ട് (66562/RC3/12/ത.സ്വ.ഭ.വ. തിയ്യതി 10.01.2013).

അപേക്ഷകളിലെ അപാകതകൾ പരിശോധിക്കപ്പെടുന്നില്ല.

പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥല പരിശോധന നടത്താതെ ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വിൽപന നടത്തുന്നില്ലാ എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നു. നിലവിൽ ഇപ്രകാരമുള്ള നടപടികളിൽ വീഴ്ചയുണ്ടാകുന്നു. സ്ഥലപരിശോധന നടത്തുന്നതിലൂടെ പഞ്ചായത്തിന്റെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പു വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു. ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം മുൻവർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നൽകേണ്ടതാണ്. ലൈസൻസ് പുതുക്കാത്തവരിൽ നിന്നും 1,000 രൂപ പിഴ ഈടാക്കേണ്ടതാണ് (ചട്ടം 26). ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

ചട്ടപ്രകാരമുള്ള സമയപരിധിയിൽ പുതുക്കൽ നടപടി സ്വീകരിക്കേണ്ടതാണ്.

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. ചട്ടലംഘനം നടത്തി ലൈസൻസ് വൈകി പുതുക്കാൻ വരുന്നവരിൽ നിന്നും 255ാം വകുപ്പ് പ്രകാരം നടപടി സ്വീകരിച്ച് കുറ്റമറ്റ രീതിയിൽ ലൈസൻസ് വിതരണം നടത്തേണ്ടതാണ്. വർഷത്തിലുടനീളം ലൈസൻസ് പുതുക്കി കൊടുക്കുക വഴി സെക്ഷന് ജോലി ഭാരം വർദ്ധിക്കുകയും സമയ നഷ്ടവും ഉണ്ടാവുകയും ചെയ്യുന്നു. ഇതിനു പകരം ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ച് (ഫെബ്രുവരി മാസത്തിൽ) ലൈസൻസ് പുതുക്കുന്ന ഒരു സമ്പ്രദായം നിലവിൽ വരേണ്ടതാണ്.

<u>ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല</u>

1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.

*ഇക്കാര്യത്തിൽ അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.*

## 2-2 <u>ബിൽഡിംഗ് പെർമിറ്റ്-തുടർനടപടികൾ സ്വീകരിക്കുന്നില്ല</u>

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17(1) പ്രകാരം ഒരു ബിൽഡിംഗ് പെർമിറ്റിന്റെ കാലാവധി അത് ഇഷ്യൂ ചെയ്യുന്ന തീയതി മുതൽ മൂന്ന് വർഷക്കാലമാണ്. കാലാവധി അവസാനിക്കുന്നതിന് മുൻപ് പെർമിറ്റ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിച്ചാൽ മൂന്ന് വർഷത്തേക്ക് വീതം രണ്ട് തവണ സെക്രട്ടറിക്ക് പെർമിറ്റ് പുതുക്കി നൽകാവുന്നതാണ്. പെർമിറ്റ് കാലയളവിനുള്ളിൽ തന്നെ നിർമ്മാണം പൂർത്തിയാക്കുന്ന കേസിൽ, കംപ്ലീഷൻ സർട്ടിഫിക്കേറ്റ് ഹാജരാക്കുന്ന മുറയ്ക്ക് നിർമ്മാണം പരിശോധിച്ച് ഒക്കുപ്പൻസി സർട്ടിഫിക്കേറ്റ് നൽകുകയും തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയും ചെയ്യും.

ബിൽഡിംഗ് പെർമിറ്റ് വിതരണം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ, പെർമിറ്റ് വിതരണം ചെയ്തതിന് ശേഷമുള്ള തുടർനടപടികൾ വീക്ഷിക്കുന്നതിന് പഞ്ചായത്തിന് സംവിധാനം ഇല്ലായെന്ന് വ്യക്തമാകുന്നു. ഒരു നിർമ്മാണത്തിന് പെർമിറ്റ് നൽകിക്കഴിഞ്ഞാൽ പിന്നീട് കെട്ടിടത്തിന്റെ ഉടമസ്ഥൻ കംപ്ലീഷൻ സർട്ടിഫിക്കേറ്റ് ഹാജരാക്കുമ്പോൾ മാത്രമാണ് ഈ ഫയലിൽ വീണ്ടും നടപടി സ്വീകരിക്കുന്നത്. പെർമിറ്റുകളുടെ കാലാവധി കഴിഞ്ഞിട്ടും കംപ്ലീഷൻ സർട്ടിഫിക്കേറ്റ് ഹാജരാക്കാത്ത നിർമ്മാണങ്ങൾ കണ്ടെത്തി, നിർമ്മാണം പൂർത്തിയായിട്ടില്ലെങ്കിൽ നിശ്ചിത ഫീസ് ഈടാക്കി കാലാവധി ദീർഘിപ്പിച്ച് പെർമിറ്റ് പുതുക്കി നൽകുന്നതിനോ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ഒക്കുപ്പൻസി സർട്ടിഫിക്കേറ്റ് അനുവദിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതിനോ നടപടി സ്വീകരിക്കുന്നില്ല. കെട്ടിടം പണി പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് അന്നുമുതൽ കെട്ടിടത്തിന് വസ്തുനികുതി ഈടാക്കേണ്ടതാണ്. പെർമിറ്റ് കാലാവധി കഴിഞ്ഞ കെട്ടിടങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കാതിരിക്കുന്നത് മൂലം പഞ്ചായത്തിന് രണ്ട് വിധത്തിൽ വരവ് നഷ്ടമുണ്ടാകുന്നു. നിർമ്മാണം പൂർത്തീകരിച്ചില്ലെങ്കിൽ പെർമിറ്റ് പുതുക്കി നൽകുന്നതിന് ഫീസായി ഈടാക്കേണ്ട തുകയും, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ യഥാസമയം വസ്തുനികുതിയിനത്തിൽ ഈടാക്കേണ്ട തുകയും. പഞ്ചായത്തിലെ 2009-10 മുതലുള്ള കെട്ടിട അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണാനുമതിയുടെ 3 വർഷം സാധുതാ കാലയളവ് അവസാനിച്ചതിനു ശേഷവും അനവധി കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്താതെയും നിർമ്മാണാനുമതികൾ നീട്ടി നൽകാതെയും പുതുക്കാതെയും തുടരുന്നതായി കാണുന്നു. ഈ കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ, നിർമ്മാണാനുമതിയുടെ സാധുതാ കാലയളവിനുള്ളിൽ അനുമതി നീട്ടി നൽകിയതായോ സാധുതാ കാലവളവ് അവസാനിച്ച ശേഷം അനുമതി പുതുക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. സാധുതാ കാലയളവ് അവസാനിച്ച ശേഷവും പുതുക്കാതെയും കാലാവധി നീട്ടി നൽകാതെയും തുടരുന്ന കെട്ടിട നിർമ്മാണ അനുമതികളിന്മേൽ പഞ്ചായത്ത് യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ല .

പെർമിറ്റ് കാലാവധി കഴിഞ്ഞ സൈറ്റുകൾ പരിശോധിച്ച് നിർമ്മാണം പൂർത്തീകരിച്ചതാണോ എന്ന വിവരം ഉറപ്പാക്കേണ്ടതും സമയബന്ധിതമായി കംപ്ലീഷൻ പ്ലാൻ ഫയൽ ചെയ്ത് വസ്തു നികുതി അടവാക്കാൻ സന്നദ്ധരാകാത്ത കെട്ടിട ഉടമകൾക്കെതിരേ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-3 <u>അനധികൃത കെട്ടിടനിർമ്മാണം-രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകത</u>

പഞ്ചായത്ത് പരിധിക്കുള്ളിലുള്ള അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച് ആധികാരികമായി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച് ഗാർഹിക കെട്ടിടങ്ങളുടെ വിവരങ്ങൾ

രേഖപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന രജിസ്റ്റർ മാത്രമാണ് നിലവിലുള്ളത്. ഒരു വാണിജ്യകെട്ടിടം പോലും ഈ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. 38 ഗാർഹിക കെട്ടിടങ്ങളാണ് രജിസ്റ്ററിൽ നിലവിലുള്ളത്. ഓഡിറ്റ് വർഷം 91 കെട്ടിടങ്ങളാണ് റഗുലറൈസേഷൻ ചെയ്ത് വസ്തുനികുതി നിർണ്ണയിച്ചത്. റഗുലറൈസേഷൻ ചെയ്ത കെട്ടിടങ്ങളിലൊന്നു പോലും ഫീൽഡ് സ്റ്റഫ് റിപ്പോർട്ട് ചെയ്തിട്ടില്ല. കൂടാതെ രജിസ്റ്ററിലെ രേഖപ്പെടുത്തൽ മേലധികാരികൾ കണ്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല. അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച തുടർനടപടികൾ ഒന്നും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. അനധികൃത നിർമ്മാണത്തിന്റെ വിശദാംശങ്ങൾ, ഏത് നിയമമാണ് ലംഘിച്ചിരിക്കുന്നത് എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സംസ്ഥാനത്ത് ദിനം പ്രതി വർദ്ധിച്ച് വരുന്ന അനധികൃത നിർമ്മാണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) നടത്തിയ പരിശോധനകളിൽ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട വിവരങ്ങൾ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് 19.05.2014-ലെ 29342/ആർ.എ.1/2014/ ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. അനധികൃത നിർമ്മാണം സംബന്ധിച്ച കൃത്യമായ രേഖകൾ സൂക്ഷിക്കാതിരിക്കുന്നത് അനധികൃത നിർമ്മാണങ്ങൾക്കെതിരെ യഥാസമയം നടപടി സ്വീകരിക്കാതെയും, ക്രമവൽക്കരിക്കാതെയും അവ കാലക്രമത്തിൽ നിയമാനുസൃത നിർമ്മാണങ്ങളാകുന്നതിന് വഴി ഒരുക്കുന്നു. സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് അനധികൃത നിർമ്മാണങ്ങൾക്ക് എതിരെ നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-4 ടെലികോം കമ്പനികളിൽ നിന്നും വിനിയോഗ ചാർജ് ഈടാക്കുന്നില്ല- വരുമാന നഷ്ടം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ വശങ്ങളിൽ ടെലികോം ഓപ്പറേറ്റർമാർ കേബിളുകൾ ഇടുന്നതിന് (ഭൂമിക്കടിയിലൂടെ/മുകളിലൂടെ) വാടക അഥവാ യൂസർ ഫീസ് ചുമത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. 2005-ലെ പഞ്ചായത്ത് രാജ് (വസ്തുആർജ്ജിക്കലും കയ്യൊഴിക്കലും)ചട്ടങ്ങളിലെ ചട്ടം 8, ചട്ടം 9(3) സെക്ഷൻ എന്നിവ പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്ന റോഡുകളുടെ പാർശ്വങ്ങളും നിരത്ത്,തെരുവ് എന്നിവയുടെ മുകളിലൂടെയുള്ള സ്ഥലങ്ങളും പ്രത്യേക വാടക/യൂസർ ഫീസ് ഈടാക്കി പാട്ടത്തിന് നൽകുന്നതിന് അധികാരമുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് ഭരണസമിതി കേബിളുകൾ ഇടുന്നതിനുള്ള നിരക്കുകൾ നിജപ്പെടുത്തുകയും ലൈസൻസിയുമായി കരാറിൽ ഏർപ്പെടുകയും വേണം. പഞ്ചായത്ത് പ്രദേശത്ത് നിരവധി ടെലികോം കമ്പനികളുടെ സേവനം ലഭ്യമാണെങ്കിലും വാടക/യൂസർ ഫീസ് ഈടാക്കിയതായി കാണുന്നില്ല. കേബിളുകൾ ഇടുന്നതിന് വാടക നിജപ്പെടുത്തുകയോ ടെലികോം ഓപ്പറേറ്റർമാരിൽ നിന്നും വാടക/യൂസർ ഫീസ് ഈടാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ അടിയന്തിരമായി പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-1/ തീയതി 06-07-17) നാളിതുവരെ തുക ഈടാക്കിയിട്ടില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. യൂസർ ഫീസ് ഈടാക്കുന്നതിലൂടെ പഞ്ചായത്തിന് ലക്ഷക്കണക്കിന് രൂപ വരുമാനം ലഭിക്കുമായിരുന്നുവെങ്കിലും ഇതിന് യാതൊരു ശ്രമവും പഞ്ചായത്ത് നടത്തിയില്ല എന്നത് അനാസ്ഥയാണ്. ഈ വിഷയം തുടർ നടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-5 ബി.എസ്.എൻ.എൽ സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

WP(C) No.16670/06 നമ്പർ കേസിന്റെ അന്തിമ വിധിയിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ. സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ. സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ 2016-17 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും നികുതി ഈടാക്കിയിട്ടില്ല. നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം. 12/13.07.2017).

## 2-6 തൊഴിൽ നികുതി - വ്യാപാരസ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കുന്നില്ല

1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരമുള്ള ഫോറം VI പ്രകാരമുള്ള നോട്ടീസ് വ്യാപാരസ്ഥാപനങ്ങൾക്ക് നൽകുകയോ വ്യാപാരസ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. വ്യാപാരസ്ഥാപനങ്ങൾ ഡി.ആന്റ്.ഒ. ലൈസൻസ് അപേക്ഷയിൽ കാണിക്കുന്ന വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ്

തൊഴിൽ നികുതി ചുമത്തിയിരിക്കുന്നത്. ഇക്കാരണത്താൽ ഓരോ സ്ഥാപനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും അവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടെന്നോ എന്നൊന്നും വ്യക്തമല്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ജീവനക്കാരുടെ യാത്രാബത്ത -ഇല്ലാത്ത ജീവനക്കാരന്റെ പേരിൽ യാത്രാബത്ത ക്ലെയിം ചെയ്തു.

വൗച്ചർ നം.21600178/20.06.2016 – 53,895/ രൂപ.

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ 05/2014 മുതൽ 03/2015 വരെയുള്ള യാത്രാബത്ത നൽകുന്നതിന് മേൽ വൗച്ചർ പ്രകാരം ആകെ 53,895/ രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ ചെലവുമായി ബന്ധപ്പെട്ട യാത്രാബത്ത ബില്ലുകൾ പരിശോധന നടത്തിയപ്പോൾ നിധിൻ.ടി.എ, സീനിയർ ക്ലാർക്കിന് സെപ്തംബർ 2014 ൽ യാത്രാബത്ത നൽകുന്നതിന് 400/-രൂപയും, നവമ്പർ 2014ൽ യാത്രാബത്ത നൽകുന്നതിന് 1,040/- രൂപയും, നൽകിയിട്ടുണ്ട്. ഈ മാസങ്ങളിലെ ഹാജർ പട്ടിക പരിശോധന നടത്തിയപ്പോൾ സീനിയർ ക്ലാർക്കിന്റെ തസ്തിക ഒഴിഞ്ഞ് കിടക്കുന്നു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതായത് ഇങ്ങനെയൊരു ജീവനക്കാരൻ ഈ തസ്തികയിൽ ഇല്ല. ഒഴിഞ്ഞുകിടക്കുന്ന തസ്തികയിൽ ഗ്രാമപഞ്ചായത്ത് ജീവനക്കാരനല്ലാത്ത ഒരാൾ യാത്ര നടത്തിയതായി കാണിച്ച് യാത്രാബത്ത ക്ലെയിം ചെയ്തത് വളരെ ഗുരുതരമായ അപാകതയാണ്. ഓഡിറ്റ് എൻക്വയറി നം.04/12.07.2017 പ്രകാരം ഈ ഗുരുതരമായ വീഴ്ചയ്ക്ക് വിശദീകരണം ചോദിച്ചതിന് 13.07.2017 ന് മറുപടി നൽകിയിട്ടുണ്ട്. ശ്രീ.നിധിൻ ഈ കാലയളവിലെ ടെക്ക്നിക്കൽ അസിസ്റ്റന്റ് ആണെന്നും ജോലിത്തിരക്കിനിടയിൽ പിഴവ് പറ്റിയതാണെന്നുമാണ്. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല, കാരണം ബില്ലുകൾ തയ്യാറാക്കിയാൽ ക്ലാർക്കിന്റെ മുകളിലുള്ള എച്ച്.സി/ജെ.എസ് എന്നിവരും അതിന് ശേഷം സെക്രട്ടറിയും പരിശോധിച്ചിട്ടാണ് ബില്ലുകൾ പെർഫോമൻസ് ഓഡിറ്റിന് നൽകുന്നത്. അതിനാൽ ആകെ 1,440/-രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

### 3-2 മുൻകൂർ യാത്രാബത്ത നൽകിയത് ക്രമപ്പെടുത്തിയിട്ടില്ല.

2016-17 വർഷത്തിൽ വിവിധ യാത്രകൾക്കായി ജീവനക്കാർക്കും, ജനപ്രതിനിധികൾക്കും നൽകിയ മുൻകൂർ യാത്രാബത്തകൾ ക്രമീകരിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നം.തിയ്യതി | മുൻകൂർ തുക | കൈപ്പറ്റിയത് |
|---|---|---|
| 21600187/29.06.16 | 1,000 | ശ്രീമതി.ഇന്ദിര, പ്രസിഡന്റ് |
| 21600344/01.09.16 | 1,000 | ശ്രീമതി.ഇന്ദിര, പ്രസിഡന്റ് |
| 21600373/06.09.16 | 3,250 | ശ്രീമതി.ബിന്ദു.കെ,St.com. - 1,000 |
| | | സുന്ദരൻ.എം,മെമ്പർ- 750 |
| | | സരസ്വതി.പി.കെ, മെമ്പർ - 750 |
| | | ആയിഷ.കെ.ടി, മെമ്പർ - 750 |
| 21600393/23.09.16 | 4,000 | മുഹമ്മദ്കുഞ്ഞി,St.com. - 1,000 |
| | | മാധവ ബേക്കൽ, മെമ്പർ- 750 |
| | | മാധവൻ, മെമ്പർ-750 |

| | | |
|---|---|---|
| | | ഫാത്തിമ മൂസ,മെമ്പർ-750 |
| | | പ്രസന്നകുമാരി,മെമ്പർ-750 |
| 21600474/17.10.16 | 1,000 | ശ്രീമതി.ഇന്ദിര, പ്രസിഡന്റ് |
| 21600566/25.11.16 | 750 | രാഘവൻ.എ, സീ.ക്ലാർക്ക് |
| 21600826/20.02.17 | 1,000 | വിജയഭാനു.ബി, സെക്രട്ടറി |
| 21600996/18.03.17 | 750 | സുരേന്ദ്രൻ, മെമ്പർ |
| ആകെ | 12,750/- | |

മുൻകൂർ യാത്രാബത്ത നൽകിയാൽ അത് തൊട്ടടുത്ത മാസത്തിൽ ക്രമീകരിക്കേണ്ടതാണ് (Art.88KFC(Vol-I), 3 മാസത്തിനകം മുൻകൂർ ക്രമീകരിച്ചില്ലെങ്കിൽ പലിശ സഹിതം തിരിച്ച പിടിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് (Note1, Art.53(e)KFC). ഇത്തരത്തിൽ മുൻകൂർ നൽകിയ തുക ക്രമീകരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാൻ ഓഡിറ്റ് എൻക്വയറി നം.09/12.07.2017 പ്രകാരം ആവശ്യപ്പെട്ടതിന് 14.07.2017ന് മറുപടി നൽകിയിട്ടുണ്ട്. ഒരു മാസത്തിനകം ക്രമീകരിക്കും എന്നാണ് മറുപടി നൽകിയിട്ടുള്ളത്. അതുവരെ 12,750/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. മുൻകൂർ നൽകിയ തുക ക്രമീകരിക്കാൻ നടപടികൾ സ്വീകരിച്ച് രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-3 ശമ്പളരഹിത ശൂന്യവേതനാവധി അനുവദിച്ചത്-അപാകത.

എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ പരിശോധിക്കുന്നതിന്റെ ഭാഗമായി ഈ ഓഫീസിലെ ക്ലാർക്കായിരുന്ന ശ്രീമതി.രൂപിക.പി.വി എന്നവർക്ക് ശൂന്യവോതനാവധി നൽകിയത് പരിശോധന നടത്തിയപ്പോൾ അവധി അനുവദിച്ചതിൽ അപാകത കണ്ടെത്തിയിട്ടുണ്ട്.

ഉത്തരവ് നം.എ.1-711/17, തിയ്യതി 24.01.2017 പ്രകാരം ക്ലാർക്കായിരുന്ന ശ്രീമതി.രൂപിക.പി.വി. എന്നവർക്ക് 25.01.2017 മുതൽ 25.05.2017 വരെ 120 ദിവസത്തേക്ക് ശൂന്യവേതനാവധി അനുവദിച്ചതായി സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്(പേജ് നം.21). എന്നാൽ 25.01.2017 മുതൽ 25.05.2017 വരെ ആകെ 121 ദിവസങ്ങൾ ഉണ്ട്. കൂടാതെ ഈ അവധി സേവന പുസ്തകത്തിലെ ലീവ് അക്കൌണ്ട് പേജിൽ (പേജ് നം.132) രേഖപ്പെടുത്തിയിട്ടില്ല. ഈ അപാകതക്ക് എൻക്വയറി നം.11/12.07.2017 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് 13.07.2017 ന് മറുപടി നൽകിയിട്ടുണ്ട്. അടിയന്തിരമായി അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കും എന്നാണ് മറുപടി നൽകിയത്. അതിനാൽ അവധി ക്രമപ്പെടുത്തേണ്ടതും, നടപടിക്രമം പുനപരിശോധിച്ച് മാറ്റം വരുത്തേണ്ടതും, സേവനപുസ്തകത്തിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതുമാണ്. ശ്രീമതി.രൂപിക.പി.വി നിലവിൽ ഉദുമ ഗ്രാമപഞ്ചായത്തിലാണ്, ശൂന്യവേതനാവധി കഴിഞ്ഞ് ജോലിയിൽ തിരികെ പ്രവേശിക്കാത്തതിനാൽ 25.05.2017 ന് ശേഷം 01.07.2017 വരെ ഇവർക്ക് സർവ്വീസ് ബ്രേക്ക് വന്നിട്ടുണ്ട്. അതിനാൽ ശൂന്യവേതനാവധി അനുവദിച്ചതിൽ അപാകത വന്ന വിവരം ബഹു. പഞ്ചായത്ത് ഡെ.ഡയറക്ടറെയും അറിയിക്കേണ്ടതാണ്. ഇവരുടെ സോവനപുസ്തകം എത്രയും പെട്ടെന്ന് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി നിലവിൽ ജോലി ചെയ്യുന്ന ഉദുമ ഗ്രാമപഞ്ചായത്തിലേക്ക് അയക്കേണ്ടതാണ്.

## 3-4 ശ്രീ.ജ്യോതികിരൺ, ഓഫീസ് അറ്റന്റന്റ് - അടിസ്ഥാന ശമ്പളം കൃത്യമായി നിർണ്ണയിക്കാതെ ക്ഷാമബത്ത കുടിശ്ശിക നൽകി-അപാകത

വൗച്ചർ നം.21600813/16.02.2017 – 28,484/- രൂപ

G.O.(P) No.85/2011/fin. dt.25.02.2011

G.O.(P) No.72/2015/fin. dt.07.02.2015

G.O.(P) No.335/2015/fin. dt.07.08.2015

മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ച ക്ഷാമബത്ത കുടിശ്ശിക ജീവനക്കാരുടെ പി.എഫിൽ ലയിപ്പിക്കുന്നതിന് ആകെ 28,484/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ തുകയിൽ 10,034/- രൂപ ശ്രീ.ജ്യോതികിരൺ,

ഓഫീസ് അറ്റന്റന്റിന്റെ പി.എഫിൽ ലയിപ്പിച്ചിട്ടുണ്ട്. ടിയാന്റെ ക്ഷാമബത്ത കുടിശ്ശിക കണക്കാക്കിയ സ്റ്റേറ്റ്മെന്റ് പരിശോധന നടത്തിയപ്പോൾ ജൂലൈ 2014 മുതലുള്ള കുടിശ്ശിക കണക്കാക്കിയത് ഇദ്ദേഹത്തിന്റെ അടിസ്ഥാനശമ്പളം 9,690/- രൂപ എന്ന നിലയിലാണ്. എന്നാൽ അക്വിറ്റൻസ് പരിശോധിച്ചപ്പോൾ ജൂലൈ 2014 മുതൽ ജനുവരി 2016 വരെ ടിയാന് നൽകിയിരിക്കുന്ന അടിസ്ഥാനശമ്പളം 10,480/-രൂപയാണ്. വാർഷികശമ്പള വർദ്ധനവ് ഈ കാലയളവിൽ നൽകിയിട്ടില്ല. ടിയാന്റെ സേവനപുസ്തകം പരിശോധന നടത്തിയപ്പോൾ 01.08.2010 ൽ അടിസ്ഥാനശമ്പളം 10,480/- രൂപ നിശ്ചയിച്ചതിന് ശേഷം നാളിതുവരെ യാതൊരു വാർഷികശമ്പള വർദ്ധനവും നൽകിയതായി സേവന പുസ്തകത്തിൽ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. ശമ്പളം കൃത്യമായി നിർണ്ണയിക്കാതെ ക്ഷാമബത്തകുടിശ്ശിക അനുവദിച്ചാൽ പിന്നീട് വൻതുക കുടിശ്ശിക ഇനത്തിൽ നൽകേണ്ടി വരും. ഈ അപാകതക്ക് എൻക്വയറി നം.11/12.07.2017 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് 13.07.2017 ന് മറുപടി നൽകിയിട്ടുണ്ട്. 2009 ലെ ശമ്പള പരിഷ്കരണത്തിൽ തന്നെ അപാകത ഉണ്ടായെന്നും അടിയന്തിരമായി അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കും എന്നാണ് മറുപടി നൽകിയത്. നിലവിൽ ശ്രീ.ജ്യോതികിരൺ മംഗൽപാടി ഗ്രാമപഞ്ചായത്തിലാണ് ജോലി ചെയ്യുന്നത്. അതിനാൽ ടിയാന്റെ ശമ്പള നിർണ്ണയിക്കുന്നതിൽ അപാകതകൾ ഉണ്ടെങ്കിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിച്ച് പരിഹരിച്ച് അംഗീകാരം വാങ്ങി സേവനപുസ്തകത്തിൽ അവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. സേവനപുസ്തകം ഇപ്പോൾ ജോലി ചെയ്യുന്ന ഗ്രാമപഞ്ചായത്തിലേക്ക് അയച്ചുകൊടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 അശരണർക്ക് ഓണസദ്യയും അനുബന്ധ ചെലവുകളും-ചെലവ് വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

വൗച്ചർ നം.21600523/01.11.2016 – 10,000/-രൂപ

സർക്കാർ ഉത്തരവ് (സാധാ)നം.2678/16/ത.സ്വ.ഭ.വ.തിയ്യതി.09.09.2016 പ്രകാരം സമൂഹത്തിലെ താഴെത്തട്ടിലുള്ള അശരണർക്കും, ആലംബഹീനർക്കും, അഗതികൾക്കും ഓണസദ്യയും അനുബന്ധ ആവശ്യങ്ങളും നൽകുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. പള്ളിക്കര ഗ്രാമപഞ്ചായത്തിൽ ഈ പദ്ധതി നടപ്പിലാക്കാൻ മേൽ വൌച്ചർ പ്രകാരം ആകെ 10,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയത്, ഏത് രീതിയിലാണ് പരിപാടികൾ സംഘടിപ്പിച്ചത്, എവിടെയൊക്കെ വച്ച് എത്ര അശരണർക്കും, ആലംബഹീനർക്കും, അഗതികൾക്കും ഓണസദ്യയും അനുബന്ധ ആവശ്യങ്ങളും നൽകുന്നതിന് സാധിച്ചു, എത്ര പേർക്ക് ഈ പദ്ധതി കൊണ്ട് ഗുണം ലഭിച്ചു,, ഈ ചെലവിന്റെ വിശദവിവരങ്ങൾ എന്നിവയൊന്നും പരിശോധിക്കാൻ ആവശ്യമായ ഒരു രേഖയും ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.05/12.07.2017 പ്രകാരം ഈ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ 10,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-6 വിവിധ ഇലക്ട്രിക്കൽ ജോലികൾ നടത്തിയത് - അപാകത

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ വിവിധ ഇലക്ട്രിക്കൽ,പ്ലംബിംഗ്, കമ്പ്യൂട്ടർ റിപ്പയർ ജോലികൾ ചെയ്തത് ശ്രീ.ശശികുമാർ.കെ, ശ്രീശൈലം, കിഴക്കേക്കര എന്നവരാണ്. തുടർച്ചയായി പലവിധ റിപ്പയർ പ്രവർത്തികൾ ഒരു വ്യക്തി തന്നെ ചെയ്തുവരുന്നതായാണ് ഓഡിറ്റിൽ കണ്ടെത്തിയിട്ടുള്ളത്. ഈ പ്രവർത്തികളെല്ലാം ഭരണസമിതി അംഗീകാരത്തോടെയാണോ നടത്തിയത്, ഇദ്ദേഹത്തെ മുഴുവൻ ജോലികളും ഏൽപ്പിക്കാൻ ഭരണസമിതി തീരുമാനിച്ചിട്ടുണ്ടോ എന്നീ കാര്യങ്ങൾക്ക് അടിസ്ഥാനമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ ഇദ്ദേഹം ഗവ: അംഗീകൃത ഇലക്ട്രീഷ്യൻ/പ്ലംബർ/കമ്പ്യൂട്ടർ ടെക്ക്നീഷ്യൻ ആണ് എന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇദ്ദേഹം ചെയ്ത പ്രവർത്തികൾ സംബന്ധമായ ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| വൌച്ചർ നം.തിയ്യതി | തുക | ചെക്ക് നമ്പർ | വിശദവിവരങ്ങൾ |
|---|---|---|---|
| 21600093/21.05.2016 | 4,286/- | 28626/21.05.16 | പ്ലംബിംഗ് പ്രവർത്തി,മറ്റ് അറ്റകുറ്റപ്പണികൾ |
| 21600460/06.10.2016 | 7,783/- | 28898/06.10.16 | തൊഴിലുറപ്പ് |

| | | | |
|---|---|---|---|
| | | | പദ്ധതി ഓഫീസ് മാറ്റം - ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങിയത് |
| 21600466/14.10.2016 | 3,400/- | 28899/14.10.16 | തൊഴിലുറപ്പ് പദ്ധതി ഓഫീസ് മാറ്റം - ഇലക്ട്രിക്കൽ വർക്ക് കൂലി |
| 21600725/21.01.2017 | 4,500/- | 27015/21.01.17 | കമ്പ്യൂട്ടർ റിപ്പയർ, കൂലി |
| 21600831/20.02.2017 | 2,200/- | 27464/20.02.17 | ഓഫീസിലെ ഫാൻ, ട്യൂബ് മാറ്റിയത് |
| 21600933/08.03.2017 | 4,855/- | 27470/08.03.17 | ഫ്രണ്ട് ഓഫീസ്, ഇലക്ട്രിക്കൽ വർക്ക് കൂലി |
| 21600953/13.03.2017 | 4,999/- | 31357/13.03.17 | ISO ഇലക്ട്രിക്കൽ വർക്ക് |
| 21600726/21.01.2017 | 1,200/- | 27015/21.01.17 | FTTH കണക്ഷൻ ബോക്സ്-Rack ഫാൻ വാങ്ങിയത്. |
| ആകെ | 33,223/- | | |

ഓഡിറ്റ് എൻക്വയറി നം.06/12.07.2017 പ്രകാരം ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ 33,223/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. ഖണ്ഡികയിൽ ചൂണ്ടിക്കാട്ടിയ കാര്യങ്ങൾക്ക് കൃത്യമായ വിശദീകരണം നൽകേണ്ടതാണ്, ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-7 ഗ്രാമപഞ്ചായത്ത് വാഹനം ടയറുകൾ മാറ്റിയത്- മെക്കാനിക്കൽ ഡിവിഷൻ അംഗീകാരം ഇല്ല.

വൌച്ചർ നം.21600183/23.06.2016 – 13,800/- രൂപ

ഗ്രാമപഞ്ചായത്ത് വാഹനമായ KL-14-E-179 ജീപ്പിന്റെ രണ്ട് ടയറുകൾ മാറ്റിയതിന് ക്വാളിറ്റി ടയേർസ് ബിൽ നം. 532/18.16 പ്രകാരം 13,800/-രൂപ ചെലവഴിച്ചിട്ടുണ്ട്. ചെക്ക് നം.28659/23.06.16. ഈ പ്രവർത്തിക്ക് ആകെ 4 ക്വട്ടേഷനുകളാണ് ലഭിച്ചത് ഇവ സംബന്ധിച്ച വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ക്വാട്ട് ചെയ്ത തുക |
|---|---|---|
| 1 | ക്വാളിറ്റി ടയേർസ് കാഞ്ഞങ്ങാട്, നം.417/ദതീ.nil | 13,800 /-(Bridgestone) |
| 2 | ക്വാളിറ്റി ടയേർസ് കാഞ്ഞങ്ങാട്, നം.1024/തീ.nil | 11,500/-(Appolo) |

| | | |
|---|---|---|
| 3 | കെ.വി. ടയേർസ്, മാണിക്കോത്ത് | 12,900/-(JK Ranger) |
| 4 | കെ.വി. ടയേർസ്, മാണിക്കോത്ത് | 11,900/-(JK Tyre Brute) |

ഈ ചെലവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ ചൂണ്ടിക്കാട്ടുന്നു.

a)ഏറ്റവും കൂടിയ തുകയുള്ള ക്വട്ടേഷൻ പ്രകാരമാണ് ടയറുകൾ വാങ്ങിയിരിക്കുന്നത്. ഇതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

b)പർച്ചേസ് കമ്മിറ്റി, ഭരണസമിതി എന്നിവ ക്വട്ടേഷൻ പരിശോധിച്ചിരുന്നോ, കുറഞ്ഞ തുകക്കുള്ള ക്വട്ടേഷൻ അംഗീകരിക്കാത്തതിന്റെ കാരണം മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് വിശദീകരിച്ചിട്ടില്ല, അതിനാധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

c) 2 ടയറുകൾ മാറ്റുന്നതിന് PWD മെക്കാനിക്കൽ ഡിവിഷന്റെ അംഗീകാരം വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.07/12.07.2017 പ്രകാരം ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ 13,800/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. ഖണ്ഡികയിൽ ചൂണ്ടിക്കാട്ടിയ അപാകതകൾക്ക് കൃത്യമായ മറുപടി നൽകേണ്ടതാണ്, ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-8 വികസന സെമിനാർ - ഭക്ഷണം നൽകിയത്, ക്വട്ടേഷൻ നടപടികളുടെ രേഖകൾ ഹാജരാക്കേണ്ടതാണ്.

വൗച്ചർ നം.21600218/01.07.2016 – 29,500/- രൂപ

2016-17 വർഷത്തെ വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 04.06.2016 ന് ശ്രീ പൂബാണംകുഴി ക്ഷേത്രസാരഥി ഓഡിറ്റോറിയത്തിൽ വച്ച് നടത്തിയ വികസന സെമിനാറിൽ ഊണ്, ലഘുഭക്ഷണം എന്നിവ വിതരണം ചെയ്തതിന് അംബിക കാറ്ററിംഗ് ഉവൾ, മൈലാട്ടി എന്ന സ്ഥാപനത്തിന് 29,500/- രൂപ നൽകിയിട്ടുണ്ട്.ചെക്ക് നം.28670/01.07.16. ഈ പ്രവർത്തി നടത്തുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചത്, ലഭിച്ച ക്വട്ടേഷനുകൾ, ഭരണസമിതി അംഗീകാരം നൽകിയത് എന്നിവ സംബന്ധമായ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.08/12.07.2017 പ്രകാരം ഈ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ 29,500/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-9 സാംസ്കാരിക നിലയം,ഗ്രാമപഞ്ചായത്ത് കോമ്പൌണ്ട് എന്നിവിടങ്ങളിലെ വൃക്ഷശിഖരങ്ങൾ മുറിച്ച് മാറ്റിയത് -തുക ചെലവഴിച്ചതിൽ അപാകത.

വൗച്ചർ നം.21600314/22.08.2016 – 7,000/- രൂപ

വൗച്ചർ നം.21600315/22.08.2016 – 3,950/- രൂപ

ഗ്രാമ പഞ്ചായത്ത് സാംസ്കാരിക നിലയം, ഗ്രാമപഞ്ചായത്ത് കോമ്പൌണ്ട് എന്നിവിടങ്ങളിലെ വൃക്ഷശിഖരങ്ങൾ മുറിക്കുന്നതിനും, മുറിച്ച ഭാഗങ്ങൾ മാറ്റുന്നതിനും മേൽ രണ്ട് വൌച്ചറുകൾ പ്രകാരം ആകെ 10,950/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെക്ക് നം.28801/22.08.16. മേൽ പ്രവർത്തി നടത്തിയതിന് ശ്രീ.മുഹമ്മദ് യൂസഫ് എന്നവർക്കാണ് തുക നൽകിയത്. ഈ പ്രവർത്തി നടത്തിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്

a)വൃക്ഷത്തൈകൾ മുറിക്കുന്ന പ്രവർത്തി ഭരണസമിതി അംഗീകാരത്തോടെ നടത്തിയതാണോ എന്ന് വ്യക്തമാക്കിയിട്ടില്ല.

b)7,000/- രൂപയ്ക്ക് വൃക്ഷത്തൈകൾ മുറിക്കുന്ന പ്രവർത്തി ശ്രീ.മുഹമ്മദ് യൂസഫ് എന്നവർക്ക് നൽകിയാൽ മുറിച്ച ഭാഗങ്ങൾ അവിടെ നിന്നും മാറ്റാൻ അദ്ദേഹത്തിന് ഉത്തരവാദിത്വമുണ്ട്.

അതിനാൽ മുറിച്ച ഭാഗങ്ങൾ അവിടെ നിന്നും മാറ്റാൻ ചെലവഴിച്ച 3,950/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

c)മുറിച്ചു മാറ്റിയ വൃക്ഷഭാഗങ്ങൾ ലേലം ചെയ്തിരുന്നുവോ എന്ന് വ്യക്തമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.08/12.07.2017 പ്രകാരം ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ വൃക്ഷ ശിഖരങ്ങൾ മുറിക്കുന്നതിന് ചെലവഴിച്ച 7,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. മുറിച്ച വൃക്ഷ ശിഖരങ്ങൾ അവിടെ നിന്നും മാറ്റാൻ ചെലവഴിച്ച 3,950/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു, ഈ തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-10 വാഹനം -അപകടം -വൈദ്യുതിത്തൂൺ തകർത്തത് - ഇൻഷൂറൻസ് ക്ലെയിം ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

വൗച്ചർ നം.21600220/04.07.2016–11,763/- രൂപ

വൗച്ചർ നം.21600412/26.09.2016 – 14,320/-രൂപ

ഗ്രാമപഞ്ചായത്ത് വാഹനം KL-14-E-179 ജീപ്പ് 28.06.2016 ന് ചേറ്റ്കുണ്ടിൽ വച്ച് അപകടത്തിൽ പെടുകയും വൈദ്യുതിത്തൂൺ തകർക്കുകയും ചെയ്തിരുന്നു. അതിന് നഷ്ടപരിഹാരമായി അസി.എഞ്ചിനീയർ, വൈദ്യുതി ബോർഡ്, ചിത്താരിയുടെ കത്ത് നം.ഡി.ബി-1/16-17/സി.ആർ.ഐ/തിയ്യതി.29.06.16 പ്രകാരം 11,763/- രൂപ വൈദ്യുതി ബോർഡ്ന് നൽകിയിട്ടുണ്ട്. അതുപോലെ ഈ അപകടത്തെ തുടർന്ന് വാഹനത്തിന് അത്യാവശ്യ റിപ്പയർ പ്രവർത്തികൾ ചെയ്യുന്നതിന്ശ്രീവിനായക ഓട്ടോ വർക്സ്, കാസറഗോഡിന്റെ ഇൻവോയ്സ് നം.26/10.08.16 പ്രകാരം 14,320/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ചെക്ക് നം. 28881/26.09.16. വാഹനത്തിന് ഇൻഷൂറൻസ് പരിരക്ഷ ഉള്ളതിനാൽ അപകടം നടന്നാൽ ഇൻഷൂറൻസ് ക്ലെയിം ചെയ്യേണ്ടതാണ്. എന്നാൽ അപകടം നടന്നതിന് ഇൻഷൂറൻസ് ക്ലെയിം ചെയ്തതിന്റെ രേഖകൾ, ക്ലെയിം തുക ലഭിച്ചതിന്റെ രേഖകൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.08/12.07.2017 പ്രകാരം ഈ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ മേൽ രണ്ട് വൌച്ചറുകൾ പ്രകാരം ചെലവഴിച്ച ആകെ 26,083/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-11 എക്സൈസ് വകുപ്പ് - വിമുക്തി പദ്ധതി-ചെലവ് വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

വൗച്ചർ നം.21601105/31.03.2017 – 25,000/-

ഗ്രാമപഞ്ചായത്തും എക്സൈസ് വകുപ്പും സംയുക്തമായി നടപ്പാക്കുന്ന ലഹരിനിർമ്മാർജ്ജന യജ്ഞമായ വിമുക്തി പദ്ധതി നടപ്പിലാക്കുന്നതിനായി മേൽ വൌച്ചർ പ്രകാരം ആകെ 25,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 3,000/- രൂപ 30.03.2017 ന് സംഘടിപ്പിച്ച ഏകദിന ബോധവൽക്കരണ ശില്പശാലയുടെ ചെലവാണ്. ബാക്കി 22,000/- രൂപ 22 വാർഡ് മെമ്പർമാർക്ക് വാർഡ്തല പ്രവർത്തനങ്ങൾക്ക് 1,000/-രൂപ വീതം നൽകിയതാണ്. ഈ തുക ചെലവഴിച്ചതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.10/12.07.2017 പ്രകാരം ഈ ചെലവിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല.അതിനാൽ വിമുക്തി പദ്ധതി നടപ്പിലാക്കുന്നതിനായി ചെലവഴിച്ച ആകെ 25,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-12 പഞ്ചായത്ത് ഓഫീസ് ഇലക്ട്രിക്കൽ വർക്ക് -അധികം തുക നൽകി.

വൗച്ചർ നം.21600788/07.02.2017 – 4,994/-രൂപ.

ഗ്രാമപഞ്ചായത്തിലെ വിവിധ ഇലക്ട്രിക്കൽ ജോലികൾ ചെയ്തതിന് ശ്രീ.കെ.ശശികുമീറിന് 06.02.2017 ലെ ടിയാന്റെ കത്ത് പ്രകാരം 4,994/- രൂപ നൽകിയിട്ടുണ്ട്. ചെക്ക് നം.27454/07.02.17. എന്നാൽ ഈ ചെലവുമായി ബന്ധപ്പെട്ട് ഇദ്ദേഹം സമർപ്പിച്ച ബില്ലുകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം, ബിൽ/ഇൻവോയ്സ് നം./തിയ്യതി | തുക |
|---|---|---|

| | | |
|---|---|---|
| 1 | സ്ഥാപനത്തിന്റെ പേര് ഇല്ല. ഇൻവോയ്സ് നം.7057/01.02.17 | 26.00 |
| 2 | സ്റ്റാർ ഇലക്ട്രിക്കൽസ് കാഞ്ഞങ്ങാട്, ബിൽ നം.251/06.02.17 | 2,296.87 |
| 3 | സഫാ ട്രെഡേഴ്സ്, പള്ളിക്കര, ബിൽ നം.564/24.02.17 | 672.00 |
| 4 | ലേബർ ചാർജ്ജ് | 2,000.00 |
| | ആകെ | 4,994.00 |

മേൽ സൂചിപ്പിച്ച ബില്ലുകളിൽ ക്രമ നം.(3) സഫാ ട്രെഡേഴ്സ് ബിൽ നം. 564 ന്റെ തിയ്യതി 24.02.2017 ആണ്, അതായത് പ്രവർത്തി കഴിഞ്ഞതിനുശേഷമാണ് ബിൽ തിയ്യതി. വിശദീകരണം നൽകേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.10/12.07.2017 പ്രകാരം ഈ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ പ്രവർത്തി നടന്നതിന് ശേഷം ബിൽ തിയ്യതിയുള്ള ബില്ലിലെ 672/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-13 കേരളാ ജല അതോറിറ്റി - ഡെപ്പോസിറ്റ് പ്രവർത്തികൾ - പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി.

2016-17 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ കുടിവെള്ള പദ്ധതികൾക്കായി കേരളാ ജല അതോറിറ്റിയിൽ 53,60,000/-രൂപ താഴെപ്പറയും പ്രകാരം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| വൗച്ചർ നം./തിയ്യതി | തുക | പ്രൊജക്ട് നം./പേര് | ഡെപ്പോസിറ്റ് ചെയ്തത്. |
|---|---|---|---|
| 21600729/27.01.17 | 40,40,000/- | 136/17<br>വിവിധ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | എക്സി.എഞ്ചിനീയർ<br>ജലഅതോറിറ്റി, പി.എച്ച്. ഡിവിഷൻ<br>കാസറഗോഡ്. |
| 21600732/27.01.17<br>21600739/30.01.17 | 50,000/-<br>3,10,000/-<br>3,60,000/- | 148/17<br>വിവിധ അംഗൻവാടികളിൽ കുടിവെള്ള കണക്ഷൻ | എക്സി.എഞ്ചിനീയർ<br>ജലഅതോറിറ്റി, പി.എച്ച്. ഡിവിഷൻ<br>കാസറഗോഡ്. |
| 21600731/27.01.17 | 1,30,000/- | 138/17<br>കായക്കുന്ന് പട്ടിക വർഗ്ഗ കോളനി<br>പൈപ്പ് ലൈൻ നീട്ടൽ | എക്സി.എഞ്ചിനീയർ<br>ജലഅതോറിറ്റി, പി.എച്ച്. ഡിവിഷൻ<br>കാസറഗോഡ്. |
| 21600730/27.01.17 | 1,30,000/- | 137/17<br>പള്ളിക്കര മഠം | എക്സി.എഞ്ചിനീയർ<br>ജലഅതോറിറ്റി, |

| | | | |
|---|---|---|---|
| | | പട്ടികജാതികോളനി പൈപ്പ് ലൈൻ നീട്ടൽ | പി.എച്ച്. ഡിവിഷൻ കാസറഗോഡ്. |
| 21600770/03.02.17 | 7,00,000/- | 158/17 പാക്കം കുടിവെള്ള പദ്ധതി | എക്സി.എഞ്ചിനീയർ ജലഅതോറിറ്റി, പി.എച്ച്. ഡിവിഷൻ കാസറഗോഡ്. |
| ആകെ | 53,60,000/- | | |

ഓഡിറ്റ് എൻക്വയറി നം.14/13.07.2017 പ്രകാരം ഈ പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെ വിശദവിവരങ്ങൾ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ആകെ 53,60,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെ വിശദവിവരങ്ങൾ ഹാജരാക്കേണ്ടതാണ്.

## 3-14 കേരള സംസ്ഥാന വൈദ്യുതി ബോർഡ്- ഡെപ്പോസിറ്റ് പ്രവർത്തികൾ - പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി.

2016-17 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ വൈദ്യുതീകരണ പദ്ധതികൾക്കായി കേരളാ സംസ്ഥാന വൈദ്യുതി ബോർഡിൽ 53,60,000/-രൂപ താഴെപ്പറയും പ്രകാരം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| വൌച്ചർ നം./തിയ്യതി | തുക | പ്രൊജക്ട് നം./പേര് | ഡെപ്പോസിറ്റ് ചെയ്തത്. |
|---|---|---|---|
| 21600897/01.03.17 | 7,00,000/- | 175/17 സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി | കേരളാ സംസ്ഥാന വൈദ്യുതി ബോർഡ്, തിരുവനന്തപുരം |
| 21601043/01.03.17 | 48,450/- | 179/17 വെള്ളത്തോളി ലൈൻ മാറ്റി സ്ഥാപിക്കൽ | അസി.എഞ്ചിനീയർ, കേരളാ സംസ്ഥാന വൈദ്യുതി ബോർഡ്, പെരിയ ബസാർ |
| ആകെ | 7,48,450/- | | |

ഓഡിറ്റ് എൻക്വയറി നം.15/13.07.2017 പ്രകാരം ഈ പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെ വിശദവിവരങ്ങൾ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ആകെ 7,48,450/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെ വിശദവിവരങ്ങൾ ഹാജരാക്കേണ്ടതാണ്.

## 3-15 വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി.

താഴെപ്പറയുന്ന പദ്ധതികൾക്ക വേണ്ടി നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യ പത്രം ഓഡിറ്റ് പരിശോധനക്ക്

ഹാജരാക്കിയിട്ടില്ല.

| വൗച്ചർ നം./തിയ്യതി | തുക | പ്രൊജക്ട് നം./പേര് | നൽകിയത് |
|---|---|---|---|
| 21600836/22.02.17 | 4,50,000/- | 174/17 സാമൂഹ്യസുരക്ഷാ മിഷന് സംഭാവന | ഡയറക്ടർ സാമൂഹ്യസുരക്ഷാ മിഷൻ, തിരുവനന്തപുരം |
| 21600834/22.02.17 | 2,00,000/- | 152/17 NPRPD വിഹിതം | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കാസറഗോഡ് |
| ആകെ | 6,50,000/- | | |

ഓഡിറ്റ് എൻക്വയറി നം.15/13.07.2017 പ്രകാരം വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ആകെ 6,50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. വിനിയോഗസാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-16 ഗ്രാമപഞ്ചായത്തിന് പുതിയ വാഹനം വാങ്ങിയത് - അപാകത

വൗച്ചർ നം.21601021/22.03.2017 – 7,42,074/- രൂപ

സർക്കാർ ഉത്തരവ് നം.86/06/ത.സ്വ.ഭ.വ, തിയ്യതി 31.03.2016 തദ്ദേശസ്വയംഭരണ (ഡി.പി.)വകുപ്പ് പ്രകാരം നിലവിൽ വാഹനം ഉള്ള ഗ്രാമപഞ്ചായത്തുകൾ പുതിയ വാഹനം വാങ്ങുമ്പോൾ പഴയ വാഹനം കണ്ടം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനുശേഷമെ പുതിയ വാഹനം വാങ്ങാൻ പാടുള്ളൂ. ഗ്രാമപഞ്ചായത്തിന്റെ പഴയ വാഹനം KL-14 E 179 മഹീന്ദ്രാ ബൊളേരൊ ജീപ്പ് കണ്ടം ചെയ്യാനുള്ള നടപടികൾ നാളിതുവരെയായി പൂർത്തീകരിക്കാതെയാണ് പുതിയ വാഹനം വാങ്ങിയത്. പ്രൊജക്ട് നം. 150/17 ഗ്രാമപഞ്ചായത്തിന് പുതിയ വാഹനം വാങ്ങൽ പദ്ധതി പ്രകാരം മഹീന്ദ്രാ കമ്പനിയുടെ ബൊളേരൊ ജീപ്പ് വാങ്ങിയിട്ടുണ്ട്. ഇൻവോയ്സ് നം.381(17)XP, തിയ്യതി 28.02.2017 പ്രകാരം ആകെ 7,42,074/- രൂപ ഓൺലൈൻ ട്രാൻസ്ഫർ ആയി കമ്പനിയുടെ അക്കൌണ്ടിലേക്ക് നൽകുകയും വാഹനം ലഭ്യമാവുകയും ചെയ്തിട്ടുണ്ട്.അതിനാൽ പഴയ വാഹനം കണ്ടം ചെയ്യാനുള്ള നടപടികൾ പൂർത്തീകരിക്കാൻ എത്രയും പെട്ടെന്ന് നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

## 3-17 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി.

പ്രൊജക്ട് നം.56/17

വൗച്ചർ നം. 21601009/22.03.2017 –1,10,263/- രൂപ.

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് ഫർണ്ണിച്ചർ (മേശ,കസേര)വാങ്ങി നൽകുന്ന ഈ പദ്ധതി പ്രകാരം ഫിഡ്കോ എന്റർപ്രൈസസ്, കോഴിക്കോട് 20.01.2017 ന് സമർപ്പിച്ച സ്റ്റീൽടേബിൾ -2,480/-രൂപ, ഫൈബർ കസേര – 584/- രൂപ എന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചുകൊണ്ട്, ഇൻവോയ്സ് നം. 287/07.03.2017 പ്രകാരം 36 സ്റ്റീൽ ടേബിൾ 36 ഫൈബർ കസേര എന്നിവ വാങ്ങിയിട്ടുണ്ട്. ആകെ 1,10,263/- രൂപ ഫിഡ്കോ എന്റർപ്രൈസസ്, കോഴിക്കോടിന്റെ ബാങ്ക് അക്കൌണ്ടിലേക്ക് ഓൺലൈൻ ട്രാൻസ്ഫർ വഴിയാണ് നൽകിയത്. ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1)സ.ഉ.(എ.എസ്.)നം.362/2013/ത.സ്വ.ഭ.വ.,തിരുവനന്തപുരം,തീയതി16-11-2013 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കസേരയും മേശയും നൽകുന്ന പദ്ധതിയിൽ വാങ്ങി നൽകുന്ന കസേരയും മേശയും സ്റ്റീൽ

അല്ലെങ്കിൽ മര നിർമിതമായിരിക്കണം. ഇവിടെ ഫൈബർ കസേരയാണ് വാങ്ങിയിരിക്കുന്നത്.

2)ഫിഡ്കോ എന്റർപ്രൈസസ്, കോഴിക്കോടിന്റെ ഇൻവോയ്സ് നം. 287/07.03.2017 പ്രകാരം 36 സ്റ്റീൽ ടേബിൾ 36 ഫൈബർ കസേര എന്നിവയാണ് വാങ്ങിയിട്ടുള്ളത്, എന്നാൽ വിതരണം ചെയ്തത് പരിശോധിച്ചപ്പോൾ ആകെ 40 കുട്ടികൾക്ക് വിതരണം നടത്തിയിട്ടുണ്ട്.

3)ഫർണ്ണിച്ചർ നൽകിയ വിദ്യാർത്ഥികളുടെ അനുബന്ധരേഖകൾ പരിശോധന നടത്തിയപ്പോൾ താഴെപ്പറയുന്ന 5 പേർ സമർപ്പിച്ച രേഖകൾ പ്രകാരം ഇവർ മറ്റ് ഗ്രാമപഞ്ചായത്തിലുള്ളവരാണ്.

| ക്രമ നം. | പേര് | പഠിക്കുന്ന സ്കൂൾ , ക്ലാസ്സ് | സമർപ്പിച്ച രേഖകൾ പ്രകാരം അഡ്രസ്സ് | ഗ്രാമപഞ്ചായത്ത് |
|---|---|---|---|---|
| 1 | ഹരി കണാരൻ.കെ.എം | ജി.യു.പി.എസ്, കരിച്ചേരി 5ാക്ലാസ് | S/o.മനസിജൻ പണിക്കർ,ഹരിശ്രീ നിലയം, പറമ്പ, തെക്കിൽ | ചെമ്മനാട് |
| 2 | നിരഞ്ജന.പി.വി | ജി.എച്ച്.എസ്.എസ്, പാക്കം,5ാക്ലാസ് | D/o.ബാബു, കണ്ണാടിപ്പാറ, കൊടക്കാട് | കയ്യൂർ-ചീമേനി |
| 3 | ഗ്രീഷ്മ.എ | ജി.യു.പി.എസ്, കരിച്ചേരി 7ാക്ലാസ് | D/o.രാജു, മാങ്ങാട്, ബാര | ഉദുമ |
| 4 | വിശ്വജിത്ത്. പി | ാക്ലാസ്എസ്.എം.എ.യു.പി.എസ്, പനയാൽ. 6ാക്ലാസ് | S/o. വിജയൻ.പി, വള്ളിക്കുന്ന്, പേരോൽ, നീലേശ്വരം | നീലേശ്വരം നഗരസഭ |
| 5 | നന്ദേഷ്.ടി.വി | ജി.എച്ച്.എസ്.എസ്, പാക്കം5ാക്ലാസ് | S/o.രവി.കെ, രാധാനിവാസ്, ബാര,ഉദുമ | ഉദുമ |

ഓഡിറ്റ് എൻക്വയറി നം.13/13.07.2017 പ്രകാരം ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് 13.07.17 ന് മറുപടി നൽകിയിട്ടുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾ കൂടുതലും, പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കുറവും ആയതിനാലാണ് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രൊജക്ട് നം.57/17 പ്രകാരം വാങ്ങിയ ഫർണ്ണിച്ചറുകൾ പട്ടികജാതിയിലെ 4 കുട്ടികൾക്ക് നൽകിയത് എന്നും, 5 കുട്ടികൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ വാടകക്ക് താമസിക്കുന്നവരാണെന്നും ഇവരുടെ രക്ഷിതാവിന്റെ മേൽവിലാസം മുമ്പ് താമസിച്ച സ്ഥലത്തിന്റേത് ആണ് എന്നുമാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല, കാരണം ഗുണഭോക്താക്കളുടെ എണ്ണം കൃത്യമായി കണക്കാക്കി അംഗീകരിച്ചാണ് പർച്ചേസ് നടത്തുന്നത്, 5കുട്ടികളുടെ രക്ഷിതാക്കളുടെ മേൽവിലാസം മറ്റ് ഗ്രാമപഞ്ചായത്തിലേതാണെന്നതിൽ നിന്നും കുട്ടികൾ പള്ളിക്കര ഗ്രാമപഞ്ചായത്തിൽ അല്ല എന്ന് മനസ്സിലാക്കാവുന്നതാണ്. പള്ളിക്കര ഗ്രാമപഞ്ചായത്തിലെ കുട്ടികൾക്ക് ഫർണ്ണിച്ചർ നൽകാനുള്ള പദ്ധതിയിൽ ഗുണഭോക്തൃ തെരെഞ്ഞെടുപ്പിലെ അപാകത മൂലം മറ്റ് ഗ്രാമപഞ്ചായത്തിലെ 5കുട്ടികൾക്ക് കൂടി മേശയും കസേരയും നൽകാൻ താഴെപ്പറയും പ്രകാരം ചെലവഴിച്ച 15,320/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

| ക്രമ നം. | പേര് | മേശയുടെ വില | കസേരയുടെ വില | ആകെ |
|---|---|---|---|---|
| 1 | ഹരി കണാരൻ.കെ.എം | 2,480 | 584 | 3,064 |

| | | | | |
|---|---|---|---|---|
| 2 | നിരഞ്ജന.പി.വി | 2,480 | 584 | 3,064 |
| 3 | ഗ്രീഷ്മ.എ | 2,480 | 584 | 3,064 |
| 4 | വിശ്വജിത്ത്. പി | 2,480 | 584 | 3,064 |
| 5 | നന്ദേഷ്.ടി.വി | 2,480 | 584 | 3,064 |
| | ആകെ | 12,400 | 2,920 | 15,320/- |

ഗുണഭോക്തൃ തെരെഞ്ഞെടുപ്പിലെ അപാകതയാണ് ഈ പദ്ധതി നടത്തിപ്പിൽ ഉണ്ടായിരിക്കുന്നത്. ഹെഡ് മാസ്റ്റർമാർ നൽകിയ പട്ടിക അതേപടി അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഹെഡ് മാസ്റ്റർമാർ സമർപ്പിച്ച പട്ടിക ഗ്രാമസഭകളിൽ അംഗീകാരത്തിന് സമർപ്പിച്ചിരുന്നുവെങ്കിൽ മറ്റ് ഗ്രാമപഞ്ചായത്തുകളിലെ കുട്ടികളെ ഒഴിവാക്കാമായിരുന്നു, കൂടാതെ ഭരണസമിതി ഗുണഭോക്തൃപട്ടിക അംഗീകരിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട ഗ്രാമസഭകൾ വഴി വന്ന പട്ടികയാണോ എന്ന് പരിശോധന നടത്തണമായിരുന്നു. പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ അടിസ്ഥാനമായ ഗ്രാമസഭകളെ അവഗണിച്ച് പദ്ധതി നടപ്പിലാക്കിയതിനാലാണ് അപാകത ഉണ്ടായത് എന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്. കൂടാതെ വാങ്ങിയതിനേക്കാൾ കൂടുതൽ വിതരണം നടത്തിയതിൽ നിന്നും മോണിറ്ററിംഗ് കൃത്യമായി നടത്തിയിട്ടില്ല എന്ന് വ്യക്തമാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

## 3-18 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി.

പ്രൊജക്ട് നം.57/17

വൗച്ചർ നം. 21601010/22.03.2017 –1,22,560/- രൂപ.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് ഫർണ്ണിച്ചർ (മേശ,കസേര)വാങ്ങി നൽകുന്ന ഈ പദ്ധതി പ്രകാരം ഐശ്വര്യ എന്റർപ്രൈസസ്, കാഞ്ഞങ്ങാട് സമർപ്പിച്ച ടെണ്ടർ അംഗീകരിച്ചുകൊണ്ട് ബിൽ നം.2593/10.03.2017 പ്രകാരം 40 സ്റ്റീൽ ടേബിൾ 40 ഫൈബർ കസേര എന്നിവ വാങ്ങിയിട്ടുണ്ട്. ആകെ 1,22,560/- രൂപ ഐശ്വര്യ എന്റർപ്രൈസസ്, കാഞ്ഞങ്ങാടിന്റെ ബാങ്ക് അക്കൌണ്ടിലേക്ക് ഓൺലൈൻ ട്രാൻസ്ഫർ വഴിയാണ് നൽകിയത്. ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1)സ.ഉ.(എ.എസ്.)നം.362/2013/ത.സ്വ.ഭ.വ.,തിരുവനന്തപുരം,തീയതി 16-11-2013 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കസേരയും മേശയും നൽകുന്ന പദ്ധതിയിൽ വാങ്ങി നൽകുന്ന കസേരയും മേശയും സ്റ്റീൽ അല്ലെങ്കിൽ മര നിർമിതമായിരിക്കണം. ഇവിടെ ഫൈബർ കസേരയാണ് വാങ്ങിയിരിക്കുന്നത്.

2)ഐശ്വര്യ എന്റർപ്രൈസസ്, കാഞ്ഞങ്ങാടിന്റെ ഇൻവോയ്സ് നം. 2593/10.03.2017 പ്രകാരം 40 സ്റ്റീൽ ടേബിൾ 40 ഫൈബർ കസേര എന്നിവയാണ് വാങ്ങിയിട്ടുള്ളത്, എന്നാൽ വിതരണം ചെയ്തത് പരിശോധിച്ചപ്പോൾ ആകെ 35 കുട്ടികൾക്കാണ് വിതരണം നടത്തിയിട്ടുള്ളത്.ബാക്കി 5 മേശയും കസേരയും എന്ത് ചെയ്തു എന്ന് വിശദമാക്കേണ്ടതാണ്.

3)ഫർണ്ണിച്ചർ നൽകിയ വിദ്യാർത്ഥികളുടെ അനുബന്ധരേഖകൾ പരിശോധന നടത്തിയപ്പോൾ താഴെപ്പറയുന്ന 1 വിദ്യാർത്ഥി സമർപ്പിച്ച രേഖകൾ പ്രകാരം വിദ്യാർത്ഥി പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്തിലാണ് താമസിക്കുന്നതു്.

| ക്രമ നം. | പേര് | പഠിക്കുന്ന സ്കൂൾ/ ക്ലാസ്സ് | സമർപ്പിച്ച രേഖകൾ പ്രകാരം അഡ്രസ്സ് | ഗ്രാമപഞ്ചായത്ത് |
|---|---|---|---|---|
| 1 | അഭിഷേക് സുരേഷ്.കെ | എസ്.എം.എ.യു.പി.എസ്. പനയാൽ, 6th Std. | S/o സുരേശൻ.കെ, ചാലിങ്കാൽ,പുല്ലൂർ | പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | | | ഹരിപുരം | |

ഓഡിറ്റ് എൻക്വയറി നം.13/13.07.2017 പ്രകാരം ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് 13.07.17 ന് മറുപടി നൽകിയിട്ടുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾ കൂടുതലും, പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കുറവും ആയതിനാലാണ് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രൊജക്ട് നം.57/17 പ്രകാരം വാങ്ങിയ ഫർണ്ണിച്ചറുകൾ പട്ടികജാതിയിലെ 4 കുട്ടികൾക്ക് നൽകിയത് എന്നും, 1 കുട്ടി ഗ്രാമപഞ്ചായത്ത് പരിധിയിൽ വാടകക്ക് താമസിക്കുന്നവരാണെന്നും ഇവരുടെ രക്ഷിതാവിന്റെ മേൽവിലാസം മുമ്പ് താമസിച്ച സ്ഥലത്തിന്റേത് ആണ് എന്നുമാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല, കാരണം ഗുണഭോക്താക്കളുടെ എണ്ണം കൃത്യമായി കണക്കാക്കി അംഗീകരിച്ചാണ് പർച്ചേസ് നടത്തുന്നത്, പള്ളിക്കര ഗ്രാമപഞ്ചായത്തിൽ പട്ടിക വർഗ്ഗ ജനസംഖ്യ കൂടുതലാണ്, 1 കുട്ടിയുടെ രക്ഷിതാവിന്റെ മേൽവിലാസം മറ്റ് ഗ്രാമപഞ്ചായത്തിലേതാണെന്നതിൽ നിന്നും ഈ കുട്ടി പള്ളിക്കര ഗ്രാമപഞ്ചായത്തിൽ അല്ല എന്ന് മനസ്സിലാക്കാവുന്നതാണ്. ഈ പദ്ധതി പ്രകാരം വാങ്ങിയ 40 സ്റ്റീൽ ടേബിൾ 40 ഫൈബർ കസേര എന്നിവ 35 കുട്ടികൾക്കാണ് വിതരണം നടത്തിയിട്ടുള്ളത്.ബാക്കി 5 മേശയും കസേരയിൽ 4 മേശയും കസേരയും പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രൊജക്ട് നം.56/17 പ്രകാരം നൽകിയിട്ടുണ്ട്. ബാക്കി 1മേശയും കസേരയും എന്ത് ചെയ്തു എന്ന് വ്യക്തമാക്കിയിട്ടില്ല. അതിനാൽ മറ്റ് ഗ്രാമപഞ്ചായത്തിലെ 1കുട്ടിക്ക് മേശയും കസേരയും നൽകാൻ ചെലവഴിച്ച 3,064/- രൂപയും, വിതരണം ചെയ്യാത്ത 1മേശയും കസേരയും എന്ത് ചെയ്തു എന്ന് വ്യക്തമാക്കാത്തതിനാൽ ഇതിനായി ചെലവഴിച്ച 3,064/- രൂപയും ചേർത്ത് താഴെപ്പറയും പ്രകാരം ചെലവഴിച്ച ആകെ 6,128/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

| ക്രമ നം. | പേര് | മേശയുടെ വില | കസേരയുടെ വില | ആകെ |
|---|---|---|---|---|
| 1 | അഭിഷേക് സുരേഷ്.കെ (പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്ത്) | 2,480 | 584 | 3,064 |
| 2 | വിതരണം ചെയ്യാത്തവയുടെ തുക | 2,480 | 584 | 3,064 |
| | ആകെ | 4,960 | 1,168 | 6,128/- |

ഖണ്ഡിക 3(17) ൽ പറഞ്ഞ ഗുണഭോക്തൃ തെരെഞ്ഞെടുപ്പിലെ അപാകത ഈ പദ്ധതിയിലും ഉണ്ടായിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പദ്ധതി പ്രകാരം നൽകാൻ വാങ്ങിയ കസേരയും മേശയും പട്ടികജാതി വിദ്യാർത്ഥികൾക്ക് മറിച്ച് നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടി തികഞ്ഞ അലംഭാവമായാണ് ഓഡിറ്റ് വിലയിരുത്തുന്നത്. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു. കൃത്യമായ മോണിറ്ററിംഗിന്റെ അഭാവം കൊണ്ടാണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളത്. വാങ്ങിയ ഫർണ്ണിച്ചറുകൾ ഗുണഭോക്താക്കൾക്ക് കൃത്യമായി വിതരണം നടത്തിയോ എന്ന് പരിശോധന നടത്തിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

## 3-19 പാലിയേറ്റീവ് പരിചരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

നിർവ്വഹണം - മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. പള്ളിക്കര

ചെലവ് - ₹ 5,42,000/- ; പദ്ധതി നം: S.O.23/17

പാലിയേറ്റിവ് പരിചരണ പദ്ധതി നടപ്പിലാക്കേണ്ടത് 29.10.15ലെ സ.ഉ.(സാധാ) 3217/15 ത.സ്വ.ഭ.വ. പ്രകാരം പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമാണ്. പദ്ധതി നിർവഹണത്തിൽ ചുവടെ സൂചിപ്പിക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

1)29.10.15ലെ സ.ഉ.(സാധാ)3217/15 ത.സ്വ.ഭ.വ. പ്രകാരം പരിഷ്കരിച്ച നിർദ്ദേശങ്ങളും പാലിച്ചാണ് പാലിയേറ്റിവ് പരിചരണ പദ്ധതി നടപ്പിലാക്കേണ്ടത്.പാലിയേറ്റിവ് പരിചരണ പദ്ധതിയിൽ നിർബ്ബന്ധമായും ആശ്രയപദ്ധതിയിലുള്ളവരെ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പഞ്ചായത്തിലെ ആശ്രയപദ്ധതിയിൽ 100 പേരാണുള്ളത്. ഇവരിൽ തീരാവ്യാധികളുള്ളവരും, പരിചരണം ആവശ്യമുള്ളവരും പാല്യേറ്റിവ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല.

2)ചെലവുകൾ ബാങ്ക് അക്കൗണ്ട് വഴി നടത്തുന്നില്ല- പാലിയേറ്റിവ് പദ്ധതിക്കായി പ്രാദേശികമായും അല്ലാതേയും വിഹിതം സമാഹരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ആശുപത്രി മാനേജ്മെന്റ് കമ്മറ്റിക്ക് ഒരു പ്രത്യേക അക്കൗണ്ട് തുടങ്ങണമെന്നുണ്ട്.അപ്രകാരം ചെയ്തിട്ടില്ല.പാലിയേറ്റിവ് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് പദ്ധതി തുക കൂടാതെ മറ്റ് വിഭവസ്രോതസ്സുകളെ കണ്ടെത്തേണ്ടത് അത്യാവശ്യമാണ്. ഉത്തരവ് തീയതി മുതൽ 60 ദിവസത്തിനു ശേഷം പാലിയേറ്റിവ് ഇനത്തിൽ ചെലവഴിക്കുന്ന ഭക്ഷണച്ചെലവ് ഒഴികെയുള്ള എല്ലാ ചെലവും പണം നൽകേണ്ടയാളുടെ അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തേ നടത്താവൂ എന്ന ഖണ്ഡിക 2.10.8 പ്രകാരമുള്ള വ്യവസ്ഥ നടപ്പിലാക്കിയിട്ടില്ല.

3)29.10.15ലെ സ.ഉ.(സാധാ)3217/15ത.സ്വ.ഭ.വ. ഉത്തരവ് തീയതി മുതൽ 60ദിവസത്തിനകം പഞ്ചായത്തിലെ പാലിയേറ്റിവ് പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നുണ്ട്. ഇല്ലെങ്കിൽ പദ്ധതിയുടെ ചെലവ് അംഗീകരിക്കുന്നതല്ലെന്ന് സർക്കാർ കർശനനിർദ്ദേശം നൽകി യിട്ടുണ്ട്. പട്ടിക ഓഡിറ്റ് തീയതി വരെ പ്രസിദ്ധീകരിച്ചിട്ടില്ല.എന്നാൽ ഉത്തരവ് തീയതി മുതൽ 60 ദിവസത്തിന് ശേഷം 5,42,000 രൂപ ചെലവ് ചെയ്തിട്ടുണ്ട്.സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ഇവിടെ തുക ചെലവഴിച്ചിട്ടുള്ളത്.

4)പാലിയേറ്റിവ് മാനേജ്മെന്റ് കമ്മറ്റി കൃത്യമായി യോഗം ചേരുന്നില്ല.- 3217/2015/ ത.സ്വ.ഭ.വ. തീയതി 29.10.2015 ഉത്തരവ് ഖണ്ഡിക 2.3.2 പ്രകാരം മൂന്ന് മാസത്തിലൊരിക്കലും ചേരേണ്ടതാണ്. ഓഡിറ്റ് വർഷം 07.01.2017, 21.03.217 തീയതികളിലായി 2 തവണ മാത്രമാണ് പാലിയേറ്റിവ് മാനേജ്മെന്റ് കമ്മറ്റി മീറ്റിംഗ് ചേർന്നിരിക്കുന്നത്.

5)പാലിയെറ്റിവ് നഴ്സിന്റെ ഓണറേറിയം എല്ലാ മാസവും 10ാം തീയതിക്കകം നൽകണമെന്ന് മാർഗ്ഗരേഖയിൽ നിർദ്ദേശമുണ്ടെങ്കിലും പാലിക്കപ്പെടുന്നില്ല. തൊഴിൽരഹിതരേയാണ് പാലിയേറ്റിവ് നഴ്സിന്റെ നിയമനത്തിന് പരിഗണിക്കുന്നത്. മറ്റ് തൊഴിലൊന്നുമില്ലാത്ത നഴ്സുമാരുടെ സാമ്പത്തികബുദ്ധിമുട്ട് മുന്നിൽ കണ്ടാണ് ഇത്തരമൊരു നിർദ്ദേശം നൽകിയത്.എന്നാൽ 2015-16ലെ പദ്ധതിച്ചെലവ് പരിശോധനയിൽ കൃത്യസമയത്ത് നഴ്സിന് ഓണറേറിയം നൽകുന്നില്ലെന്ന് കാണുന്നു.

6)ഉത്തരവ് പ്രകാരമുള്ള നടപടിക്രമം പാലിക്കാതെ വാഹനം വാടകയ്ക്കെടുത്തു.- സ്വന്തമായി വാഹനം ഇല്ലാത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഉത്തരവ് പ്രകാരമുള്ള പരമാവധി ദിവസ വാടക നിരക്കിന്റെ പരിധിയ്ക്ക് വിധേയമായി വാഹനം ദിവസവാടകയ്ക്ക് എടുക്കാവുന്നതാണ്. നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന വാഹനമായിരിക്കണം വാടകയ്ക്ക് എടുക്കേണ്ടത്(ഉത്തരവ് ഖണ്ഡിക 2.6.5.ix.3). ഈ ക്വട്ടേഷൻ പി.എം.സി അംഗീകരിക്കേണ്ടതുമാണ്. ഇത്തരത്തിലുള്ള നടപടിക്രമങ്ങളൊന്നും പാലിക്കാതെയാണ് വാഹനം വാടകയ്ക്കെടുത്തിരിക്കുന്നത്.

7)ഓൺലൈൻ അപ്ഡേഷൻ നടത്തുന്നില്ല- ഉത്തരവ് 3217/2015/ത.സ്വ.ഭ.വ. തീയതി 29.10.2015 ഖണ്ഡിക 2.6.3 (7) പ്രകാരം ഗൃഹസന്ദർശനാനന്തരം (അന്നോ തൊട്ടടുത്ത ദിവസമോ) അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് കമ്പ്യൂട്ടർ സോഫ്റ്റ് വെയർ മുഖേന അപ് ലോഡ് ചെയ്യണമെന്നുണ്ട്. എന്നാൽ ഐ.കെ.എം ഇതിനാവശ്യമായ സോഫ്റ്റ് വെയർ വികസിപ്പിച്ചതിന്റെയോ റിപ്പോർട്ട് അപ്ഡേറ്റ് ചെയ്തതിന്റെയോ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

8)സന്നദ്ധപ്രവർത്തകർക്ക് തുടർ പരിശീലനം നൽകിയില്ല- ഉത്തരവ് 3217/2015/ത.സ്വ.ഭ.വ. തീയതി 29.10.2015 ഖണ്ഡിക 2.6.14 പ്രകാരം പാലിയേറ്റിവിലെ സന്നദ്ധപ്രവർത്തകർക്ക് വർഷത്തിൽ ഒരു തവണ തദ്ദേശ സ്ഥാപന തലത്തിൽ നടത്തേണ്ട ഏകദിന പരിശീലനം നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്നും അവ കൃത്യമായി നടപ്പിലാക്കുന്നുണ്ടെന്നും നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

## 3-20 ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ

ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ 39 അംഗൻവാടി സെന്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം അക്ഷയ അമൃതം ഫുഡ് എന്ന സ്ഥാപനത്തിൽ നിന്നും വിവിധ മാസങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ വാങ്ങിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ആകെ 14,773- കി.ഗ്രാം ന്യൂട്രിമിക്സ് വാങ്ങിയതിന് 9,08,100/- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മേൽ സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നു, ഇതിനെ തുടർന്ന് ന്യൂട്രിമിക്സ് സാമ്പിൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ടെന്നും ആയതിന്റെ റിസൾട്ട് ഇതുവരെയും ലഭ്യമായിട്ടില്ലെന്ന മറുപടിയാണ് നല്കിയത്. പരിശോധനാറിപ്പോർട്ട് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്തുവാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-21 പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണം-ഒരു മാതൃകാ പ്രോജക്ട്

ജില്ലയിൽ പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണം ഒരു പ്രധാന വെല്ലുവിളി ഉയർത്തിയിരുന്ന അവസരത്തിലാണ് ബേക്കൽ ടൂറിസം വികസനത്തിന്റെ ഭാഗമായി ബേക്കൽ റിസോർട്സ് ഡവലപ്പമെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

( ബി.ആർ.ഡി.സി. ) പള്ളിക്കര ഗ്രാമ പഞ്ചായത്തിൽ ഒരു പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണ യൂനിറ്റ് സ്ഥാപിക്കുന്നതിനായി 2011- ൽ മുന്നോട്ട് വന്നത്.ഇക്കാര്യം പരിഗണിച്ച്പള്ളിക്കര ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പാക്കം വെളുത്തോളിയിൽ മിനി വ്യവസായ എസ്റ്ററ്റിന് വേണ്ടി നിർമ്മിച്ചതും എന്നാൽ ഉപയോഗിക്കപ്പെടാതെ വർഷങ്ങളോളം വെറുതെ കിടന്നതുമായ കെട്ടിടം പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണ കേന്ദ്രം സ്ഥാപിക്കുന്നതിനുമായി നൽകി. ആവശ്യമായ യന്ത്ര സാമഗ്രികൾ ബി.ആർ.ഡി.സി. ലഭ്യമാക്കുകയും ചെയ്തതോടെ പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണ പ്ലാന്റ് യാഥാർത്ഥ്യമാവുകയും ചെയ്തു. പ്ലാസ്റ്റിക്ക് പൊടിക്കുന്ന യന്ത്രം (കട്ടർ), ഡ്രയർ മെഷിൻ, ലവ്സം മെഷിൻ, കളർ മിക്സിങ് മെഷിൻ എന്നിവയാണ് ബി.ആർ.ഡി.സി. പ്ലാന്റിൽ സ്ഥാപിച്ചത്. പ്ലാന്റിന്റെ സുഗമമായി പ്രവർത്തനത്തിനായി ബി.ആർ.ഡി.സി.യുടെ തന്നെ നേതൃത്ത്വത്തിൽ നാല് കുടുംബശ്രീ വനിതകൾക്ക് പരിശീലനം നൽകുകയും ചെയ്തു.പ്ലാസ്റ്റിക്ക് മാലിന്യം കുടുംബശ്രീ വഴി ശേഖരിക്കുകയായിരുന്നു ലക്ഷ്യം. പ്ലാന്റിന്റെ പ്രവർത്തി പൂർത്തീകരിച്ചതിന്ശേഷം നടത്തിപ്പിനായി ഗ്രാമ പഞ്ചായത്തിന് തിരിച്ചേൽപ്പിച്ചുവെങ്കിലും പഞ്ചായത്ത് 01-08-2012-ന് മുഹമ്മദ് ഇഖ്ബാൽ എന്നയാളുമായി കരാറുണ്ടാക്കി ഒരു വർഷക്കാലത്തേക്ക് നടത്തിപ്പിനായി നൽകുകയാണ് ചെയ്തത്. ശ്രീ.മുഹമ്മദ് ഇഖ്ബാലാകട്ടെ ഏകദേശം ആറ് മാസക്കാലത്തോളം പ്ലാന്റ് നടത്തിയതിന് ശേഷം പൂട്ടിപ്പോവുകയും ചെയ്തു.

അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക്ക് വസ്തുക്കൾ കുമിഞ്ഞുകൂടി ടൂറിസത്തിന്റെ ഭാഗമായ പ്രദേശങ്ങൾ മലിനമാക്കാതിരിക്കാനാണ് ഈ പദ്ധതിക്കായി ബി.ആർ.ഡി.സി മുന്നിട്ടിറങ്ങിയത്. എന്നാൽ പ്രോജക്ട് പ്രവർത്തന രഹിതമായതിനെ തുടർന്ന് ബി.ആർ.ഡി.സി 12-05-2015 ലെ BRDC/ENG/W-7/2015 നമ്പർ കത്ത് പ്രകാരം ത.സ്വ.ഭ.വ. പ്രിൻസ്സിപ്പൽ സെക്രട്ടറിക്ക് പരാതി നൽകുകയും പ്രസ്തുത പരാതിയുടെമേൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് ഭരണ സമിതി നടത്തിപ്പ്കാരനായ മുഹമ്മദ് ഇഖ്ബാലിനോട് വിശദീകരണം ആവശ്യപ്പെടുകയും, ടിയാൻ ഹാജരാകുകയോ വിശദീകരണം ലഭ്യമാക്കുകയോ ചെയ്യാതിരുന്ന സാഹചര്യത്തിൽ പുതിയ ഒരു സ്ഥാപനത്തിന് നടത്തിപ്പ് ചുമതല കൈമാറാൻ തീരുമാനിക്കുകയും ചെയ്തു. ഖരമാലിന്യ സംസ്കരണ രംഗത്ത് നല്ല പ്രവർത്തന പരിചയമുള്ള ഒലീന മഹിളാ സമാജം,കോഴിക്കോട് എന്ന സ്ഥാപനവുമായി 08-09-2016ന് 01-10-16 പ്രാബല്യത്തിൽ കരാർ ചമക്കുകയും പ്ലാസ്റ്റിക്ക് മാലിന്യ പ്ലാന്റും, ടിപ്പർ വാഹനവും നടത്തിപ്പിനായി കൈമാറുകയും ചെയ്തു. കരാർ പ്രകാരം കെട്ടിടം പ്രതിമാസ വാടക 5,000 രൂപയും, ടിപ്പർ 6,000 രൂപയും സ്ഥാപനത്തിന് ഉപയോഗിക്കാവുന്നതാണ്.പ്ലാന്റിന് ആറ് മുറികളും മാലിന്യങ്ങൾ സംഭരിക്കാനുള്ള ഒരു ഷെഡ്ഡും ഉണ്ട്. സംഭരിക്കപ്പെട്ട മാലിന്യങ്ങൾ തരം തിരിക്കുന്നതിനായി 13 സ്ത്രീകൾ ഇവിടെ ജോലിചെയ്യുന്നുണ്ട്. പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണ രംഗത്ത് നിപുണരായ 3 പുരുഷ തൊഴിലാളികളും ഇവിടെ ജോലിചെയ്യുന്നുണ്ട്.

പ്രവർത്തന മേഖല-

പള്ളിക്കര പഞ്ചായത്ത് കൂടാതെ ചെമ്മനാട്, അജാനൂർ, പുല്ലൂർ-പെരിയ തുടങ്ങിയ സമീപ പഞ്ചായത്തുകളിൽനിന്നും

പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ സംഭരിച്ച് പ്ലാന്റിൽ എത്തിക്കുന്നുണ്ട്.

മാലിന്യ സംസ്കരണം വിവിധ ഘട്ടങ്ങൾ.

1.മാലിന്യം തരം തിരിവ്. സംഭരിക്കപ്പെട്ട പ്ലാസ്റ്റിക്ക് മാലിന്യങ്ങളുടെ കനം, നിറം, ഗുണം എന്നിവയുടെ അടിസ്ഥാനത്തിൽ മാലിന്യം;പ്രധാനമായും ക്യാരി ബാഗുകൾ- തരം തിരിച്ച് വെക്കുന്നു. 13 സ്ത്രീകൽ ഈ മേഖലയിൽ ജോലി ചെയ്യുന്നുണ്ട്.
2.പ്ലാസ്റ്റിക്ക് കട്ട/ഗ്രാന്യൂൾസ് ഉണ്ടാക്കൽ. തരം തിരച്ചു വെച്ചതിൽ ഗുണനിലവാരം കൂടിയവ ലവ്സം മെഷിൻ ഉപയോഗിച്ച് ഉരുക്കി കട്ടയാക്കുകയും പന്നീട് ഇവ ആവശ്യാനുസരണം കട്ടർ മെഷിൻ ഉപയോഗിച്ച് പൊടിച്ച് ഗ്രാന്യൂളാക്കി പ്ലാസ്റ്റിക്ക് നിർമ്മാണ
കമ്പനികൾക്ക് വിൽക്കുകയും ചെയ്യുന്നു.

3.ഗുണനിലവാരം കുറഞ്ഞ പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ ഡ്രയറിൽ ഉണക്കിയെടുത്ത് കട്ടർ മെഷിനിലിട്ട് പൊടിച്ചെടുത്ത് റോഡ് ടാറിംങിന് ഉപയോഗിക്കാൻ യോഗ്യമാക്കിതീർക്കുന്നു.

4.പ്ലാസ്റ്റിക്ക് ബോട്ടിലുകൾ പ്രസ്സിങ്ങ് മെഷിൻ ഉപയോഗിച്ച് അമർത്തി കെട്ടുകളാക്കി അടുക്കിവെക്കുകയും അവ റീസൈക്ലിങ്ങിനായി മറ്റ് കമ്പനികൾക്ക് അയച്ചുകൊടുക്കുന്നു
5.പ്ലാസ്റ്റിക്ക് ചാക്കുകൾ,കടലാസ്സുകൾ തുടങ്ങിയവ സംഭരിച്ച് കെട്ടുകളാക്കി മറ്റ് സംസ്കരണ യൂനിറ്റുകളിലേക്ക് അയക്കുന്നു.

ഉല്പാദന ക്ഷമത
a)പ്ലാന്റിന്റെ പൂർണ്ണതോതിലുള്ള ഉല്പാദനക്ഷമത ഉപയോഗപ്പെടുത്താൻ ഇതുവരെ സാധിച്ചിട്ടില്ല. ഇപ്പോൾ ശരാശരി 150kg കട്ട (പ്ലാസ്റ്റിക്ക് ഉരുക്കിയെടുത്തത്) ഉണ്ടാക്കാനെ സാധിക്കുന്നുള്ളൂ. ജോലി സമയം 8ഷിഫ്റ്റായി തിരിക്കാൻ സാധിച്ചാൽ കട്ടയുടെ ഉല്പാദനം പ്രതിദിനം 500kg ആക്കി ഉയർത്താൻ സാധിക്കും.

ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള തടസ്സം.

a)പ്ലാന്റിന്റെ വയറിങ്ങ് വളരെ പഴകിയതിനാൽ റീവയറിങ്ങ് ആവശ്യമാണ്.

b)പ്ലാന്റിന്റെ പൂർണ്ണതോതിലുള്ള പ്രവർത്തനം സാധ്യമാകണമെങ്കിൽ ഒരു ദിവസം 3-4 ടൺ പ്ലാസ്റ്റിക്ക് മാലിന്യം ആവശ്യമാണ്. ഇപ്പോൾ 1.5-2 ടൺ പ്ലാസ്റ്റിക്ക് മാലിന്യം മാത്രമാണ് ലഭിക്കുന്നത്. ആവശ്യത്തിന് മാലിന്യങ്ങൾ പ്ലാന്റിൽ എത്തിക്കാൻ നടപടിയുണ്ടാകേണ്ടതാണ്.

c)മാലിന്യം സംഭരിക്കുന്നതിനും ഉണക്കുന്നതിനും കൂടുതൽ സൌകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്.

d)കേരളം പോലുള്ള സംസ്ഥാനങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ് പ്ലാസ്റ്റിക്ക് മാലിന്യത്തിന്റെ സംഭരണവും സംസ്കരണവും. ഇതു രണ്ടും സാധ്യമാക്കാൻ ഈ പ്രോജക്ടിലൂടെ പള്ളിക്കര പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. തികച്ചും അഭിനന്ദനീയവും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാതൃകയുമായി ഈ സംരഭത്തെ ഓഡിറ്റ് വിലയിരുത്തുന്നു.

## 3-22 മരാമത്ത് പ്രവൃത്തികളിലെ അപാകങ്ങൾ

2016-17 വർഷത്തിൽ 86 പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഡിപിസി അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും 67 പ്രോജക്ടുകൾ മാത്രമാണ് നടപ്പുവർഷം നടപ്പിലാക്കിയത്. മരാമത്ത് പ്രവൃത്തികൾക്കായി ആകെ അടങ്കൽ 2,74,93,081 രൂപ വകയിരുത്തിയിട്ടും അതിൽ തൻവർഷം ചെലവഴിക്കാൻ കഴിഞ്ഞത് 1,07,02,582 രൂപ മാത്രമാണ്. 19 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല. ഓരോ പ്രോജക്ടും ഗ്രാമസഭയുടെയും ഡി.പി.സി. യുടെയും അംഗീകാരം ലഭിച്ചിട്ടുള്ളതായതിനാൽ അവ ജനങ്ങൾക്ക് നൽകിയ വ്ഗ്ദാനങ്ങളാണ്.31 പ്രവൃത്തികൾ നടപ്പിലാക്കാതിരുന്നത് വ്ഗ്ദാനലംഘനമായി കണക്കാക്കാവുന്നതാണ്. മരാമത്ത് പ്രവൃത്തികളിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പദ്ധതികളുടെ മോണിറ്ററിംഗ് :

പദ്ധതി മാർഗ്ഗരേഖ പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹ

ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് യോഗം ചേർന്നതായി വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സിൽ കാണുന്നില്ല. പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച വിവരവും അതിൽ പരാമർശിച്ചിട്ടില്ല.

2)ഓരോ വാർഷികപദ്ധതി പ്രകാരവും ചെയ്യുന്ന മരാമത്ത് പ്രവൃത്തികൾ തിരിച്ചറിയുന്നതിന് പദ്ധതിയുടെ വിശദാംശം (അടങ്കൽ തുക, ഫണ്ടിനം, വർഷം തുടങ്ങിയവ) അടങ്ങിയ ബോർഡുകൾ വെച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് റോഡുകൾക്ക് (സ്ഥലപരിശോധന നടത്തിയതിൽ നിന്നും ) അവ തിരിച്ചറിയുന്നതിനുള്ള ബോർഡ് വെച്ചതായി കണ്ടിട്ടില്ല.

3) പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള റോഡ് കണക്ടിവിറ്റി പ്ലാനും റോഡ് കണക്ടിവിറ്റി മാപ്പും തയ്യാറാക്കിയിട്ടില്ല.ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനോടൊപ്പവും കണക്ടിവിറ്റി മാപ്പിൽ പ്രോജക്ടിലൂടെ നടത്താൻ ഉദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേകനിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

4)റോഡ് മെയിന്റനൻസ് ഫണ്ട് വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോഴും,പുതിയ റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോഴും റോഡിൽ വെള്ളം കെട്ടിനിൽക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിനുള്ള ഇനങ്ങൾ ഉൾപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നാമമാത്രമായി മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ.

5) ഇ-ടെണ്ടർ ഫോറം വില പഞ്ചായത്ത് അക്കൌണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഇ-ടെണ്ടർ ഫോറംവില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എസ്.ബി.ടി അക്കൌണ്ടിലാണ് ക്രഡിറ്റ് ചെയ്യുന്നത്. പള്ളിക്കര ഗ്രാമപഞ്ചായത്തിൽ നിന്നും 2014-15, 2015-16 , 2016-17 വർഷങ്ങളിൽ നടന്ന ഇ-ടെണ്ടർ ഫോറം വിലയായി 2,94,266/- (1,07,886+1,66,745+19,635) രൂപ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുണ്ട്. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

2014-15

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ടെണ്ടർ ഐഡി | തുക | നമ്പർ | ആകെ തുക |
|---|---|---|---|---|---|
| 1 | അരയാൽത്തറ -ചിറക്കാൽ റോഡ്റീ-ടാറിംഗ് | 2014-എൽ.എസ്.ജി.ഡി-19905-1 | 1,350 | 1 | 1,350 |
| 2 | ജി.എച്ച്.എസ്. തച്ചങ്ങാട് ഡൈനിംഗ് ഹാൾ നിർമ്മാണം | 2014-എൽ.എസ്.ജി.ഡി-19998-1 | 1,260 | 3 | 3,780 |
| 3 | ജി.എൽപി.എസ്. നെല്ലിയടുക്കം ക്ലാസ് റൂം നിർമ്മാണം | 2014-എൽ.എസ്.ജി.ഡി-20002-1 | 1,260 | 2 | 2,520 |
| 4 | ജി.യു.പി.എസ്. കരിച്ചേരി ക്ലാസ് റൂം നിർമ്മാണം | 2014-എൽ.എസ്.ജി.ഡി-20009-1 | 1,260 | 2 | 2,520 |
| 5 | ഹദ്ദാദ് പരയങ്ങാനം റോഡ് മെറ്റലിംഗ് & ടാറിംഗ് | 2014-എൽ.എസ്.ജി.ഡി-20018-1 | 3,980 | 3 | 11,940 |
| 6 | പെരിയാട്ടടുക്കം എം.ജി.എല്.സി. ബംഗാട് റോഡ് ടാറിംഗ് -0450/-0/850 | 2014-എൽ.എസ്.ജി.ഡി-20048-1 | 1,575 | 5 | 7,875 |
| 7 | റെയിൽവെ സ്റ്റേഷൻ റോഡ് | 2014-എൽ.എസ്.ജി.ഡി- | 1,208 | 2 | 2,416 |

| | | | | | |
|---|---|---|---|---|---|
| | ജി.ഡബ്ല്യൂ.എൽ.പി.എസ്. റോഡ് സോളിംഗ് മെറ്റലിംഗ് & ടാറിംഗ് | 20049-1 | | | |
| 8 | കാട്ടിയടുക്കം- കുട്ടപ്പുന്ന റോഡ് മെറ്റലിംഗ്& ടാറിംഗ് -00/283 മുതൽ00/603 | 2014-എൽ.എസ്.ജി.ഡി-20030-1 | 1,575 | 4 | 6,300 |
| 9 | കീക്കാനം ബ്ലാക്കര റോഡ് മെറ്റലിംഗ് & ടാറിംഗ് | 2014-എൽ.എസ്.ജി.ഡി-20052-1 | 15,575+2,181 | 2 | 17,756 |
| 10 | വള്ളിയോട്ട് ചെറുട്ട റോഡ് ടാറിംഗ് | 2014-എൽ എസ്.ജി.ഡി-20080-1 | 1,155 | 3 | 3,465 |
| 11 | പനയാൽ എം.എം.എ.യു.പി.സ്കൂൾ- കുപ്പത്തോട് പള്ളം- നെല്ലിയടുക്കം സ്കൂൾ റോഡ് മെറ്റലിംഗ് ടാറിംഗ് കി.മീ. 0/350 മുതൽ 0/700 വരെ | 2014-എൽ എസ്.ജി.ഡി-20068-1 | 1,575 | 3 | 4,725 |
| 12 | പനയാൽ കിഴക്കേക്കര എൻ.എച്ച് റോഡ് റീടാറിംഗ് 0/00 മുതൽ 0/550 വരെ | 2014-എൽ എസ്.ജി.ഡി-20071-1 | 1,108 | 2 | 2,216 |
| 13 | തച്ചങ്ങാട് വാഴക്കോടൻ തറവാട്- കോളിപ്പോക്ക് റോഡ് മെറ്റലിംഗ് & ടാറിംഗ് 00/00 മുതൽ 00/260 വരെ | 2014-എൽ എസ്.ജി.ഡി-20075-1 | 1,259 | 1 | 1,259 |
| 14 | കുന്നൂച്ചി വണ്ണാത്തിക്കടവ് - വെളുത്തോളി റോഡ് മെറ്റലിംഗ് & ടാറിംഗ് 00/335 മുതൽ 00/645 വരെ | 2014-എൽ എസ്.ജി.ഡി-20060-1 | 1,313 | 3 | 3,939 |
| 15 | വെളുത്തോളി പാക്കം സ്കൂൾ റോഡ് സോളിംഗ് മെറ്റലിംഗ് & ടാറിംഗ് 00/310 മുതൽ 00/654 വരെ | 2014-എൽ എസ്.ജി.ഡി-20100 | 1,575 | 5 | 7,875 |
| 16 | ചെർക്കാപ്പാറ വിഷ്ണു ടെമ്പിൾ ആലക്കോട് റോഡ് ടാറിംഗ് 00/00 മുതൽ 00/300 വരെ | 2014-എൽ എസ്.ജി.ഡി-20109-1 | 1,575 | 2 | 3,150 |

| | | | | | |
|---|---|---|---|---|---|
| 17 | തോക്കാനം അട്ടുക്ക റോഡ് മെറ്റലിംഗ് & ടാറിംഗ് 00/00 മുതൽ 00/300 വരെ | 2014-എൽ എസ്.ജി.ഡി-20203-1 | 1,575 | 3 | 4,725 |
| 18 | അരയാൽത്തറ – ചിറക്കാൽ റോഡ് റീ ടാറിംഗ് | 2014-എൽ എസ്.ജി.ഡി-22837-1 | - | - | |
| 19 | ഹദ്ദാദ്- പരയാങ്ങാനം റോഡ് മെറ്റലിംഗ് റോഡ് ടാറിംഗ് | 2014-എൽ എസ്.ജി.ഡി-22852-1 | 1,575 | 1 | 1,575 |
| 20 | റെയിൽവെ സ്റ്റേഷൻ ജി.ഡബ്ല്യു.എൽ.പി.എസ് റോഡ് സോളിംഗ് മെറ്റലിംഗ് & ടാറിംഗ് | 2014-എൽ എസ്.ജി.ഡി-22858-1 | 1,575 | 1 | 1,575 |
| 21 | വള്ളിയോട്ട്-ചെറൂട്ട റോഡ് റീ ടാറിംഗ് | 2014-എൽ എസ്.ജി.ഡി-22868-1 | 1,450 | 3 | 4,350 |
| 22 | തച്ചങ്ങാട് -വാഴക്കോടൻ തറവാട്-കോളിപ്പോക്ക് റോഡ് മെറ്റലിംഗ് & ടാറിംഗ് | 2014-എൽ എസ്.ജി.ഡി-22876-1 | 1,575 | 1 | 1,575 |
| 23 | ചെർക്കാപ്പാറ ചാലിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 2014-എൽ എസ്.ജി.ഡി-28510-1 | 2,100 | 2 | 4,200 |
| 24 | കുതിരക്കോട് അംഗൻവാടി കെട്ടിട നിർമ്മാണം | 2014-എൽ എസ്.ജി.ഡി-28512-1 | 1,700 | 2 | 3,400 |
| 25 | മുനിക്കൽ അംഗൻവാടി കെട്ടിടം നിർമ്മാണം | 2014-എൽ എസ്.ജി.ഡി-28514-1 | 1,700 | 2 | 3,400 |
| ആകെ | | | | | 1,07,886 |

2015-16

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ടെണ്ടർ ഐഡി | തുക | നമ്പർ | ആകെ തുക |
|---|---|---|---|---|---|
| 1 | തൊട്ടി ജംഗ്ഷൻ തായൽ തൊട്ടി കറാച്ചി റോഡ് മെറ്റലിംഗ് & ടാറിംഗ് 0/00 മുതൽ 0/170 വരെ | 2015-എൽ എസ്.ജി.ഡി-49077-1 | 1,050 | 2 | 2,100 |
| 2 | പള്ളിപ്പുഴ പള്ളി-ദേവി ഹൌസ് | 2015-എൽ എസ്.ജി.ഡി- | 1,260 | 2 | 2,520 |

| | | | | | |
|---|---|---|---|---|---|
| | റോഡ് മെറ്റലിംഗ് & ടാറിംഗ് 0/00 മുതൽ 0/248 | 49171-1 | | | |
| 3 | പരയങ്ങാനം ക്കൂട്ടർമൂല ക്ഷേത്രം റോഡ് റീ ടാറിംഗ് 0/00 മുതൽ 0/360 വരെ | 2015-എൽ എസ്.ജി.ഡി-49175-1 | 1,155 | 3 | 3,465 |
| 4 | ആലക്കോട് നാട്ടാങ്കല്ല് റോഡ് മെറ്റലിംഗ് & ടാറിംഗ് 0/040 മുതൽ 0/212 വരെ | 2015-എൽ എസ്.ജി.ഡി-49190-1 | 1,050 | 2 | 2,100 |
| 5 | പെരുന്തട്ട വയൽ വയൽ ലിങ്ക് റോഡ് മെറ്റലിംഗ് & ടാറിംഗ് 0/00 മുതൽ 0/172 | 2015-എൽ എസ്.ജി.ഡി-49298-1 | 1,050 | 3 | 3,150 |
| 6 | നെല്ലിയടുക്കം കോറോത്ത് കോളനി നെല്ലിയടുക്കം റോഡ് റീ ടാറിംഗ് 0/00 മുതൽ 0/200വരെ & ടാറിംഗ് 0/500 മുതൽ 0/600 വരെ | 2015-എൽ എസ്.ജി.ഡി-49299-1 | 1,310 | 5 | 6,550 |
| 7 | ചെറൂട്ട കണ്ണംവയൽ-മരക്കാട്ടമൊട്ട റോഡ് മെറ്റലിംഗ് & ടാറിംഗ് 0/180 മുതൽ 0/352 വരെ | 2015-എൽ എസ്.ജി.ഡി-49300-1 | 1,050 | 3 | 3,150 |
| 8 | കരുവാക്കോട് വയനാട്ട്കുലവൻ ദേവസ്ഥാനം റോഡ് മെറ്റലിംഗ് & ടാറിംഗ് 0/222 മുതൽ 0/402 വരെ | 2015-എൽ എസ്.ജി.ഡി-49301-1 | 1,050 | 3 | 3,150 |
| 9 | മാസ്തിഗുഡ്ഡ സിറ്റ്-കൊച്ചിബസാർ റോഡ് മെറ്റലിംഗ് & ടാറിംഗ് 0/00 മുതൽ 0/186 വരെ | 2015-എൽ എസ്.ജി.ഡി-49303-1 | 1,050 | 4 | 4,200 |

| | | | | | |
|---|---|---|---|---|---|
| 10 | ശ്രീനഗർ മഞ്ഞങ്ങോട്ട് പടച്ചാൽ റോഡ് മെറ്റലിംഗ് & ടാറിംഗ് 0/00 മുതൽ 0/172 | 2015-എൽ എസ്.ജി.ഡി-49305-1 | 1,050 | 3 | 3,150 |
| 11 | അരവത്ത് അഗംൻവാടി തച്ചങ്ങാട് സ്കൂൾ റോഡ് ടാറിംഗ് 0/00 മുതൽ 0/253 വരെ | 2015-എൽ എസ്.ജി.ഡി-49309-1 | 1,050 | 3 | 3,150 |
| 12 | പള്ളാരം മുതുവത്ത് കുഞ്ഞിതൊട്ടി റോഡ് മെറ്റലിംഗ് & ടാറിംഗ് 0/170 മുതൽ 0/342 | 2015-എൽ എസ്.ജി.ഡി-49312-1 | 1,050 | 4 | 4,200 |
| 13 | തോട്ടം അടുക്കം റോഡ് മെറ്റലിംഗ് & ടാറിംഗ് 0/550 മുതൽ 0/740 | 2015-എൽ എസ്.ജി.ഡി-49316-1 | 1,155 | 1 | 1,155 |
| 14 | പള്ളാരം ചെരുമ്പ റോഡ് ടാറിംഗ് 0/000 മുതൽ 0/247 വരെ | 2015-എൽ.എസ്.ജി.ഡി-49343-1 | - | - | |
| 15 | മൌവ്വൽ കല്ലിങ്കാൽ അടുക്കം റോഡ് ടാറിംഗ് റോഡ് മെറ്റലിംഗ് & ടാറിംഗ് 0/00 മുതൽ 0/220 വരെ | 2015-എൽ.എസ്.ജി.ഡി-49356-1 | 1,470 | 4 | 5,880 |
| 16 | അമ്പങ്ങാട് ഇറക്കം കീക്കാൻ റോഡ് മെറ്റലിംഗ് & ടാറിംഗ് 0/160 മുതൽ 0/327 വരെ | 2015-എൽ.എസ്.ജി.ഡി-49373-1 | 1,050 | 3 | 3,150 |
| 17 | തൊട്ടി ജംഗ്ഷൻ പള്ളിപ്പുഴ ക്രസെൻറ് ഹോസ്പിറ്റൽ റോഡ് ടാറിംഗ് 0/300 മുതൽ 0/750 വരെ | 2015-എൽ എസ്.ജി.ഡി-49387-1 | 1,365 | 2 | 2,730 |
| 18 | ഇല്ല്യാസ് പള്ളി | 2015- | 1,050 | 1 | 1,050 |

| | | | | | |
|---|---|---|---|---|---|
| | കുറിച്ചിക്കുന്ന് റോഡ് റീ ടാറിംഗ് 0/00 മുതൽ 0/090 വരെ ടാറിംഗ് 0/090 മുതൽ 0/255 വരെ | എൽ.എസ്.ജി.ഡി-49400-1 | | | |
| 19 | ഹദ്ദാദ് വലിയവളപ്പ് റോഡ് മെറ്റലിംഗ് & ടാറിംഗ് 0/00 മുതൽ 0/172 വരെ | 2015-എൽ.എസ്.ജി.ഡി-49417-1 | 1,050 | 1 | 1,050 |
| 20 | പെരിയാട്ടടുക്കം എം.ജി.എൽ.സി. ബംഗാട് റോഡ് റീ ടാറിംഗ് 0/00 മുതൽ 0/200 വരെ & ടാറിംഗ് 0/872 മുതൽ 1/006 വരെ | 2015-എൽ.എസ്.ജി.ഡി-49438-1 | 1,470 | 4 | 5,880 |
| 21 | ഫറൂഖ് മസ്ജിദ് സലാമത്ത് റോഡ് റീ ടാറിംഗ് 0/00 മുതൽ 0/400 വരെ | 2015-എൽ.എസ്.ജി.ഡി-49467-1 | 1,470 | 1 | 1,470 |
| 22 | ചന്ദ്രപുരം മൊട്ടമ്മൽ റോഡ് മെറ്റലിംഗ് &ടാറിംഗ് 0/00 മുതൽ 0/800 വരെ | 2015-എൽ.എസ്.ജി.ഡി-49481-1 | 1,050 | 4 | 4,200 |
| 23 | പെട്രോൾ പമ്പ് ജി.ഡബ്ല്യു.എൽ.പി. സ്കൂൾ റോഡ് ടാറിംഗ് & റീ ടാറിംഗ് 0/00 മുതൽ 0/800 വരെ | 2015-എൽ.എസ്.ജി.ഡി-49495-1 | 5,250 | 2 | 10,500 |
| 24 | വെളുത്തോളി കാലിച്ചാമരം കുന്നത്ത് റോഡ് മെറ്റലിംഗ് & ടാറിംഗ് 0/000 മുതൽ 0/172 വരെ | 2015-എൽ.എസ്.ജി.ഡി-49511-1 | 1,050 | 1 | 1,050 |
| 25 | കൂട്ടപ്പുന്ന കാനം റോഡ് മെറ്റലിംഗ് & ടാറിംഗ് 0/00 മുതൽ 0/72 വരെ | 2015-എൽ.എസ്.ജി.ഡി-49515-1 | 1,050 | 2 | 2,100 |
| 26 | തോക്കാനം മൊട്ട | 2015- | 1,050 | 3 | 3,150 |

| | | | | | |
|---|---|---|---|---|---|
| | പ്ലാന്റേഷൻ കുണിയ റോഡ് ടാറിംഗ് 0/300 മുതൽ 0/467 വരെ | എൽ.എസ്.ജി.ഡി-50626-1 | | | |
| 27 | അഗസറഹൊള സ്കൂൾ റിപ്പയർ | 2015-എൽ.എസ്.ജി.ഡി-50656-1 | 1,050 | 2 | 2,100 |
| 28 | നെല്ലിയടുക്കം ജി.എൽ.പി.സ്കൂൾ റിപ്പയർ | 2015-എൽ.എസ്.ജി.ഡി-50731-1 | 1,890 | 1 | 4,890 |
| 29 | പള്ളിപ്പുഴ ദേവി ഹൌസ് ലിങ്ക് റോഡ് മെറ്റലിംഗ് & ടാറിംഗ് 0/00 മുതൽ 0/248 വരെ | 2015-എൽ.എസ്.ജി.ഡി-57875-1 | 1,260 | 5 | 6,300 |
| 30 | തോട്ടം-അടുക്കം റോഡ് മെറ്റലിംഗ് & ടാറിംഗ് 0/550 മുതൽ 0/740 വരെ | 2015-എൽ.എസ്.ജി.ഡി-57892-1 | 1,155 | 5 | 5,775 |
| 31 | പള്ളാരം ചെരുമ്പ റോഡ് ടാറിംഗ് 0/000 മുതൽ 0/247 വരെ | 2015-എൽ.എസ്.ജി.ഡി-57905-1 | 1,050 | 9 | 9,450 |
| 32 | ഇല്ല്യാസ് പള്ളി കുറിച്ചിക്കുന്ന് റോഡ് റീ ടാറിംഗ് 0/00 മുതൽ 0/090 വരെ & ടാറിംഗ് 0/090 മുതൽ 0/255 വരെ | 2015-എൽ.എസ്.ജി.ഡി-57919-1 | 1,050 | 4 | 4,200 |
| 33 | ഹദ്ദാദ് വലിയവളപ്പ് റോഡ് മെറ്റലിംഗ് & ടാറിംഗ് 0/000 മുതൽ 0/172 വരെ | 2015-എൽ.എസ്.ജി.ഡി-57933-1 | 1,050 | 4 | 4,200 |
| 34 | ഫറൂഖ് മസ്ജിദ് സലാമത്ത് റോഡ് മെറ്റലിംഗ് & ടാറിംഗ് 0/00 മുതൽ 0/400 വരെ | 2015-എൽ.എസ്.ജി.ഡി-57975-1 | 1,470 | 4 | 5,880 |
| 35 | പെട്രോൾ പമ്പ് ജി ഡബ്ല്യൂ.എൽ.പി. സ്കൂൾ റോഡ് ടാറിംഗ് & റീ | 2015-എൽ.എസ്.ജി.ഡി-58001-1 | 2,650 | 7 | 18,550 |

| | | | | | |
|---|---|---|---|---|---|
| | ടാറിംഗ് 0/00 മുതൽ 0/800 വരെ | | | | |
| 36 | വെളുത്തോളി കാലിച്ചാമരം കുന്നത്ത് റോഡ് മെറ്റലിംഗ് & ടാറിംഗ് 0/000 മുതൽ 0/172 വരെ | 2015-എൽ.എസ്.ജി.ഡി-58011-1 | 1,050 | 7 | 7,350 |
| 37 | കോട്ടപ്പാറ കാനം റോഡ് മെറ്റലിംഗ് & ടാറഇംഗ് 0/000 മുതൽ 0/172 വരെ | 2015-എൽ.എസ്.ജി.ഡി-58020-1 | 1,050 | 7 | 7,350 |
| 38 | ജി.എൽ.പി.സ്കൂൾ നെല്ലിയടുക്കം റിപ്പയർ | 2015-എൽ.എസ്.ജി.ഡി-58027-1 | 1,890 | 5 | 9,450 |
| ആകെ | | | | | 1,66,745 |

2016-17

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ടെണ്ടർ ഐഡി | തുക | നമ്പർ | ആകെ |
|---|---|---|---|---|---|
| 1 | പാക്കം ആയുർവേദ ആശുപത്രിയുടെ സമിപം വൃദ്ധസദനം നിർമ്മാണം | 2016-എൽ.എസ്.ജി.ഡി-99227-1 | 2,625 | 5 | 13,125 |
| 2 | റെയിൽവെ ലൈൻ കുറിച്ചിക്കുന്ന് അംഗൻവാടി റോഡ് ഇംപ്രൂവ് മെന്റ് | 2016-എൽ.എസ്.ജി.ഡി-90234-1 | 1,050 | 3 | 3,150 |
| 3 | ആഞ്ജനേയ ടാക്കീസ് ശക്തിനഗർ മാസ്തിഗുഡ്ഡ റോഡ് റീ- ടാറിംഗ് | 2016-എൽ.എസ്.ജി.ഡി-90005-1 | 1,680 | 2 | 3,360 |
| ആകെ | | | | | 19,635 |

മേൽ പട്ടികയിൽ പ്രസ്താവിച്ച വിധം തുക പഞ്ചായത്ത് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടിയെടുക്കേണ്ടതാണ്.

6.റോഡുകളുടെ ശോച്യാവസ്ഥ: ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 288 റോഡുകളുടെ ആകെ ദൈർഘ്യം 191 കി.മീ. ആണ്. ഇതിൽ ഭൂരിഭാഗവും താർ ചെയ്ത റോഡുകളാണ്. 2016-17 ലെ പദ്ധതി രേഖയിൽ പ്രതിപാദിച്ചത് പ്രകാരം ( പേജ് നമ്പർ-7 ) താർ ചെയ്ത് റോഡുകൾ കൂടുതൽകാലം നിലനിൽക്കാത്തതാണ് ഈ മേഖല നേരിടുന്ന മുഖ്യ പ്രശ്നം. മഴക്കാലത്ത് റോഡുകളിൽ വെള്ളം കെട്ടിനിൽക്കുന്നതും, കുത്തിയൊലിക്കുന്നതും, ഓവുചാലുകളുടെ അഭാവവുമാണ് റോഡുകളുടെ തകർച്ചക്ക് കാരണം.

സ്ഥലപരിശോധനയുടെ ഭാഗമായി അട്ടക്കംചാൽക്കടവ് വയനാട്ട് കുലവൻ ദേവസ്ഥാനം റോഡ്, ഹദാദാ വലിയവളപ്പ് റോഡ് എന്നിവ സന്ദർശിക്കുകയുണ്ടായി. സ്ഥലപരിശോധനയിൽ റോഡുകളുടെ നിർമ്മാണത്തിൽ

താഴെകൊടുത്ത ന്യൂനതയുള്ളതായി കണ്ടു.

1.റോഡിന്റെ നിർമ്മാണത്തിൽ ഘടനാപരമായിത്തന്നെ പോരായ്മയുണ്ട്. റോഡിന് Campering നൽകിയിട്ടില്ല. ആയതിനാൽ തന്നെ റോഡിന്റെ നടുഭാഗം ഉയർന്നുനിൽക്കുന്നില്ല. വെള്ളം റോഡിൽ കെട്ടിനിൽക്കാൻ ഇത് കാരണമാകുന്നു.

2.റോഡിന്റെ വീതി പലസ്ഥലങ്ങളിലും മീറ്ററിൽ താഴെയാണ്.

3.റോഡ് തിരിച്ചറിയുന്നതിനുള്ള ബോർഡ് വെച്ചിട്ടില്ല.

പഞ്ചായത്ത് തന്നെ കണ്ടെത്തിയ റോഡ് നിർമ്മാണത്തിലെ ന്യൂനത പരിഹരിക്കാൻ ആവശ്യമായ പ്രോജക്റ്റുകൾ ഉണ്ടാവാത്തത് പോരായ്മയാണ്.

4.ഓവുചാലിന് സൗകര്യം ഇല്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി നമ്പർ,പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 30,000 | നം.23/2017 പാലിയേറ്റീവ്കെയർ | 30,000 | |
| | 2,00,000 | നം.88/2017 വയോജന വിശ്രമ കേന്ദ്രം | 2,00,000 | |
| | 5,71,340 | നം.153,154,155 മാലിന്യ ശുചിത്വം | 5,71,340 | |
| ശുചിത്വ മിഷൻ | 14,75,378 | ODF പദ്ധതി | 5,77,304 | 8,98,074 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം/ചെക്ക്നം. | മുൻകൂർ നൽകിയതുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പ്രോജക്റ്റ് നം.136/17 | | 40,40,000 | 40,40,000 | |
| കേരള വാട്ടർ അതോറിറ്റി | പ്രോജക്റ്റ് നം.137/17 | | 1,30,000 | 1,30,000 | |
| കേരള വാട്ടർ അതോറിറ്റി | പ്രോജക്റ്റ് നം.138/17 | | 1,30,000 | 1,30,000 | |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പ്രോജക്റ്റ് നം.148/17 | | 3,60,000 | 3,60,000 | |
| കേരള വാട്ടർ അതോറിറ്റി | പ്രോജക്റ്റ് നം.158/17 | | 7,00,000 | 7,00,000 | |
| കേരള വാട്ടർ അതോറിറ്റി | പ്രോജക്റ്റ് നം.159/17 | | 4,60,500 | 4,60,500 | |
| കേരള വാട്ടർ അതോറിറ്റി | പ്രോജക്റ്റ് നം.179/17 | | 48,450 | 48,450 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പള്ളിക്കര ഗ്രാമ പഞ്ചായത്ത് ഇ.എം.എസ്. ഭവന പദ്ധതി(ജനറൽ) | സർക്കാർ കത്ത് നം.11598/ ഡി.ബി.ഐ/15/ ത.സ്വ.ഭ.വ. തി. 29.07.2015 | 60,00,000 | 85,00,000 | 15,00,000 | 1,82,795 | 1,30,00,000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 പ്രവർത്തനാവലോകന റിപ്പോർട്ട് | - | 2014-15 | 4-1-4 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രിയാസ്തികൾ (ഖരമാലിന്യ സംസ്കരണ പ്ലാന്റ് & ലോറി ) | മറുപടി ലഭ്യമാക്കിയിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,24,49,713 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,70,12,567 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27,510 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 69,03,056 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3(1) | | 1,440 | ശ്രീ.ബി.വിജയഭാനു, സെക്രട്ടറി |
| 3(9) | | 3,950 | ശ്രീ.ബി.വിജയഭാനു, സെക്രട്ടറി |
| 3(12) | | 672 | ശ്രീ.ബി.വിജയഭാനു, സെക്രട്ടറി |
| 3(17) | | 15,320 | ശ്രീ.സി.പി.കുഞ്ഞിനാരായണൻ, അസി.സെക്രട്ടറി |
| 3(18) | | 6,128 | ശ്രീ.സി.പി.കുഞ്ഞിനാരായണൻ, അസി.സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3(5) | 10,000 | ശ്രീ.ബി.വിജയഭാനു, സെക്രട്ടറി |
| 3(6) | 33,223 | ശ്രീ.ബി.വിജയഭാനു, സെക്രട്ടറി |
| 3(7) | 13,800 | ശ്രീ.ബി.വിജയഭാനു, സെക്രട്ടറി |
| 3(8) | 29,500 | ശ്രീ.ബി.വിജയഭാനു, സെക്രട്ടറി |
| 3(9) | 7,000 | ശ്രീ.ബി.വിജയഭാനു, സെക്രട്ടറി |
| 3(10) | 26,083 | ശ്രീ.ബി.വിജയഭാനു, സെക്രട്ടറി |
| 3(11) | 25,000 | ശ്രീ.ബി.വിജയഭാനു, സെക്രട്ടറി |
| 3(13) | 53,60,000 | ശ്രീ.ബി.വിജയഭാനു, സെക്രട്ടറി |
| 3(14) | 7,48,450 | ശ്രീ.ബി.വിജയഭാനു, സെക്രട്ടറി |
| 3(15) | 6,50,000 | ശ്രീ.ബി.വിജയഭാനു, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബി.വിജയഭാനു സെക്രട്ടറി | വിരമിച്ചു | ശ്രേയസ്സ്,അജാനൂർ, കാഞ്ഞങ്ങാട് പിൻ.671516 |
| ശ്രീ.സി.പി.കുഞ്ഞിനാരായണൻ അസി-സെക്രട്ടറി | അസി-സെക്രട്ടറി, പള്ളിക്കര ഗ്രാമ പഞ്ചായത്ത് | S/0.മാധവൻനായർ, മാധവനിവാസ്, വെള്ളിക്കോത്ത്, അജാനൂർ. പി.ഒ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെഎണ്ണം |
|---|---|---|
| 1974-75 | എൽ.എഫ്.കെ.എസ്.ഡി.5/539 /03(7) തിയ്യതി.14.08.03 | 1 |
| 1980-81 | എൽ.എഫ്.കെ.എസ്.ഡി.5/539 | 3 |

| | | |
|---|---|---|
| | /03(9) തിയ്യതി.16.08.03 | |
| 1981-82 | എൽ.എഫ്.കെ.എസ്.ഡി.8/1958/86, തിയ്യതി.30.03.03 | 2 |
| 1983-84 | എൽ.എഫ്.കെഎസ്.ഡി.5/539 /03(10) തിയ്യതി.16.08.03 | 5 |
| 1985-86 | എൽ.എഫ്.കെഎസ്.ഡി.5/539 /03(12) തിയ്യതി.16.08.03 | 6 |
| 1987-88<br>1988-89 | എൽ.എഫ്.കെഎസ്.ഡി.5/539 /03(13) തിയ്യതി.16.08.03 | 4 |
| 1989-90<br>1990-91 | എൽ.എഫ്.കെഎസ്.ഡി.5/539 /03(14) തിയ്യതി.16.08.03 | 3 |
| 1991-92to<br>1994-95 | എൽ.എഫ്.കെ.എസ്.ഡി.5/211/00, തിയ്യതി.26.02.03 | 7 |
| 1995-96 | എൽ.എഫ്.കെ.എസ്.ഡി.5/691/00, തിയ്യതി.26.02.03 | 10 |
| 1996-97 | എൽ.എഫ്.കെഎസ്.ഡി.5/539 /03(15) തിയ്യതി.16.08.03 | 3 |
| 1997-98 | എൽ.എഫ്.കെഎസ്.ഡി.5/539 /03(16) തിയ്യതി.16.08.03 | 7 |
| 1998-99 | എൽ.എഫ്.കെഎസ്.ഡി.5/539 /03(17) തിയ്യതി.16.08.03 | 9 |
| 1999-00 | എൽ.എഫ്.കെ.എസ്.ഡി.5/75/01, തിയ്യതി.09.01.01 | 15 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി.5/599/01, തിയ്യതി.25.03.03 | 18 |
| 2001-02<br>(plan) | എൽ.എഫ്.കെ.എസ്.ഡി.4/759/03, തിയ്യതി.15.11.04 | 4 |
| 2001-02<br>(final) | എൽ.എഫ്.കെ.എസ്.ഡി.4/129/05, തിയ്യതി.05.06.07 | 6 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി.3/20/07, തിയ്യതി.30.05.09 | 26 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി.4/111/08, തിയ്യതി.02.12.10 | 7 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി.6/599/11, തിയ്യതി.18.08.11 | 6 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി.3/113/08, തിയ്യതി.12.12.08 | 13 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി.3/803/08, തിയ്യതി.22.8.09/14.03.11 | 6 |

| | | |
|---|---|---|
| 2007-08 | എൽ.എഫ്.കെ.എസ്.ഡി.3/326/10, തിയ്യതി.23.12.10/03.05.11 | 8 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി.3/327/10, തിയ്യതി.03.05.11 | 11 |
| 2009-10<br>2010-11 | എൽ.എഫ്.കെ.എസ്.ഡി.3/327/10, തിയ്യതി.23.04.13 | 13 |
| 2011-12<br>2012-13 | എൽ.എഫ്.കെ.എസ്.ഡി.9/1048/14, തിയ്യതി.06.05.15 | 10 |
| 2013-14 | എൽ.എഫ്.കെ.എസ്.ഡി.9/867/15, തിയ്യതി.11.11.15 | 18 |
| 2014-15 | എൽ.എഫ്.കെ.എസ്.ഡി.8/720/16, തിയ്യതി.18.07.16 | 22 |
| 2015-16 | കെ.എസ്.എ-കെ.എസ്.ഡി /8 /1234/ 2016തീയതി. 13-12-2016 | 18 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി-8/803/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കാസറഗോഡ്

E-mail:- doksd.ksad@kerala.gov.in

തീയതി. 17.07.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും, കാസറഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ, പള്ളിക്കര ഗ്രാമ പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്

No. KSA-KSD/8/803/2017

Kerala State Audit Department

District Audit Office,Kasaragod – 671123

E-mail:- doksd.ksad@kerala.gov.in

Dated:17.07.2017

AUDIT CERTIFICATE

Certified that, I have audited the Annual Financial Statement of Pallikkare Grama Panchayat in Kasaragod District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Pallikkare Grama Panchayat for the year 2016-17, except the observations in my Audit Report, properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

District Audit Office, Kasaragod